കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# പരപ്പനങ്ങാടി നഗരസഭ

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.25/585/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി. 10/05/2019

സീനിയർഡെപ്യൂട്ടി ഡയറക്ടർ.

ചെയർപെഴ്സൺ/സെക്രട്ടറി മുഖേന

**പരപ്പനങ്ങാടി** നഗരസഭ

സർ,

വിഷയം : പരപ്പനങ്ങാടി നഗരസഭയുടെ - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരപ്പനങ്ങാടി നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, (Aims വെബ്സൈറ്റ് മുഖേന) പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് ,കോഴിക്കോട് (ഉപരിപത്രം സഹിതം)

5)കാര്യാലയ പകർപ്പ്

എം.എ.5/19

നം കെ.എസ്.എ.എം.പി.എം.25/585/19

തിയ്യതി:10/05/2019

## മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 18/10/2017 മുതൽ 07/03/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 38 ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീമതി . സുധാദാസ് , സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 07-03-2019മുതൽ 19-03-2019വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. സി പി അബ്ദുൽ സത്താർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ കെ ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. കെ പി അഷ്റഫ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.റഷീദ് വി | ഓഡിറ്റർ |

**ബി ) നിർവഹണാധികാരികൾ**

**ചെയർമാൻ**

| | |
|---|---|
| ശ്രീമതി.ജമീല പി വി | 01.04.2017 മുതൽ 31.03.2018 വരെ |

**സെക്രട്ടറി**

| | |
|---|---|
| 1.ശ്രീമതി.രാജശ്രീ പി നായർ | 01.04.2017 മുതൽ 21.06.17 വരെ |
| | |

| | |
|---|---|
| 2.ശ്രീമതി.ജെസ്സിമോൾ പി വി (അധിക ചുമതല) | 22.06.2017 മുതൽ 31.10.17 വരെ |
| 3.ശ്രീ. ടി എം റഷീദ് (അധിക ചുമതല) | 01.11.2017 മുതൽ 03.12.17 വരെ |
| 4.ശ്രീമതി.ജെസ്സിമോൾ പി വി (അധിക ചുമതല) | 04.12.2017 മുതൽ 14.12.17 വരെ |
| 5.ശ്രീ. ടി എം റഷീദ് (അധിക ചുമതല) | 15.12.2017 മുതൽ 31.03.18 വരെ |

**മറ്റു നിർവഹണ ഉദ്യോഗസ്ഥർ.**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1. വെറ്ററിനറി സർജൻ | ഡോ. അബീന ബി | 01.04.2017മുതൽ 31.03.2018വരെ |
| 2.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഹഫ്സത്ത്അടാട്ടിൽ | 01.04.2017മുതൽ 31.03.2018 വരെ |
| 3.എസ് സി ഡി ഒ | ശ്രീ.ടി എം റഷീദ് (അധിക ചുമതല) | 01.04.2017മുതൽ 31.03.2018 വരെ |
| 4.ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ. ടി എം റഷീദ് | 01.04.2017മുതൽ 10.12.2017 വരെ |
| | ശ്രീ. വിൻസെന്റ് സി എ | 11.12.2017 മുതൽ 31.03.2018 വരെ |
| 5. മുനിസിപ്പൽഎഞ്ചിനിയർ | ശ്രീ.വിപിൻ എൻ വി | 01.04.2017 മുതൽ 26.06.2017 വരെ |
| | ശ്രീ.റഫീഖ് എം | 27.06.2017 മുതൽ 15.08.2017 വരെ |
| | ശ്രീ.വിപിൻ എൻ വി | 16.08.2017 മുതൽ 30.10.2017 വരെ |
| | ശ്രീ. റഫീഖ് എം | 01.11.2017 മുതൽ 16.01.2018 വരെ |
| | ശ്രീ.ഉമ്മർ കെ | 17.01.2018 മുതൽ 31.03.2018 വരെ |
| 6.കൃഷിഓഫീസർ | ശ്രീ. രത്നാകരൻ എ കെ | 01.04.2017 മുതൽ 29.07.2017 വരെ |
| | ശ്രീ.ഷാജി പി | 30.07.2017 മുതൽ 11.09.2017 വരെ |
| | ശ്രീമതി. ഗരിജ എം | 12.09.2017 മുതൽ 01.11.2017 വരെ |
| | ശ്രീ. രത്നാകരൻ എ കെ | 02.11.2017 മുതൽ 27.11.2017 വരെ |
| | ശ്രീമതി.നീതു | 28.11.2017 മുതൽ 26.12.2017 വരെ |
| | ശ്രീമതി.അമൃത.കെ.എസ് | 26.12.2017 മുതൽ 04.01.2018 വരെ |
| | ശ്രീ. റഫീഖ് പി | 04.01.2018 മുതൽ 28.03.2018 വരെ |
| | ശ്രീമതി.സുവർണ്ണ ശ്യാം | 28.03.2018 മുതൽ 31.03.2018 വരെ |
| 9. പ്രോജക്ട് ഓഫീസർ (നഗര ദാരിദ്ര്യ ലഘൂകരണം) | ശ്രീ.ടി എം റഷീദ് | 01.04.2017 മുതൽ 10.12.2017 വരെ |
| | ശ്രീ. വിൻസെന്റ് സി എ | 11.12.2017 മുതൽ 31.03.2018 വരെ |
| 10.ഹെഡ്മിസ്ട്രസ് | ശ്രീമതി . ശ്രീകല പിഎ | 01.04.2017 മുതൽ 31.03.2018 വരെ |
| 11.എസ് എഠ ഫിഷറീസ് | ശ്രീ. അരുൺ സൂരി | 01.04.2017 മുതൽ 12.02.2018 വരെ |

| | | |
|---|---|---|
| | ശ്രീ.വിജയൻ എൻ | 13.02.2017 മുതൽ 31.03.2018 വരെ |
| 12. മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. റസീന കെ | 01.04.2017 മുതൽ 31.03.2018 വരെ |
| 13.മെഡിക്കൽ ഓഫീസർ(ഹോമിയോ ) | ഡോ. മുഹമ്മദ് അക്ബർ | 01.04.2017 മുതൽ 31.03.2018 വരെ |
| 14.മെഡിക്കൽ ഓഫീസർ (സി എച്ച് സി ) | ഡോ.സുജാത | 01.04.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ. | 2-1 | |
| 14 | വസ്തുനികുതി കുറവായി നിർണ്ണയിച്ചു. | 2-2 | |
| 15 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ. | 2-3 | |
| 16 | വസ്തുനികുതി - യഥാസമയം പിരിച്ചെടുക്കുന്നില്ല. | 2-4 | |
| 17 | വാർത്താവിനിമയ ഗോപുരങ്ങളുടെ നികുതി - 5,90,701/- രൂപ | 2-5 | |

| | | | | |
|---|---|---|---|---|
| | കുടിശ്ശിക. | | | |
| 18 | വസ്തുനികുതി നിർണ്ണയം - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കാതെ നികുതി നിർണ്ണയിച്ചു. | 2-6 | | |
| 19 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല. | 2-7 | | |
| 20 | ഡി & ഒ ലൈസൻസ് അനുവദിയ്ക്കുന്നത് ക്രമപ്രകാരമല്ല | 2-8 | | |
| 21 | തൊഴിൽ നികുതി - രേഖകൾ ലഭ്യമാക്കിയില്ല | 2-9 | | |
| 22 | പൊതു സ്ഥലങ്ങളിൽ പരസ്യബോർഡുകളും കമാനങ്ങളും സ്ഥാപിയ്ക്കൽ -ഫീസ് നിരക്ക് നിശ്ചയിച്ചില്ല. | 2-10 | | |
| 23 | വിനോദ നികുതി - രേഖകൾ ലഭ്യമാക്കിയില്ല | 2-11 | | |
| 24 | ഡി & ഒ ലൈസൻസ് ചട്ടങ്ങൾ പാലിയ്ക്കാതെ ലൈസൻസ് അനുവദിച്ചു. | 2-12 | | |
| 25 | ഉപയോഗിയ്ക്കാത്ത ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-13 | | |
| 26 | രശീതികളുടെ പരിശോധന – അപാകതകൾ | 2-14 | | |
| 27 | വാടക പിരിവ് – അപാകതകൾ | 2-15 | | |
| **ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | | | |
| 28 | വെള്ളക്കരം അടവ് - ഫൈൻ അടവാക്കിയത് വഴി 65910 രൂപ നഷ്ടം | 3-1 | | |
| 29 | മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളവും,പെൻഷൻ അംശദാനവും തനത് ഫണ്ടിൽ നിന്നും ട്രഷറിയിലേക്ക് ക്രമീകരിച്ചില്ല. | 3-2 | | |
| 28 | ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നില്ല. | 3-3 | | |
| 29 | ലൈബ്രറികളിലെ പത്രവിതരണചെലവുകൾ മുനിസിപ്പാലിറ്റി കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തി നൽകുന്നു.. | 3-4 | | |
| 30 | ഇ-ടോയ്ലറ്റ് - പ്രവർത്തനക്ഷമമല്ല. | 3-5 | | |
| 31 | റോഡ്-കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ചത് കാരണം അധികച്ചെലവ്. | 3-6 | | |
| 32 | മാർഗ്ഗരേഖക്ക് വിരുദ്ധമായി ലാപ് ടോപ്പ് വിതരണം ചെയ്തു | 3-7 | | |
| 33 | ലൈബ്രറിയുടെ വാടകചെ്ചലവ് മുനിസിപ്പാലിറ്റി വഹിക്കുന്നത് ക്രമപ്രകാരമല്ല. | 3-8 | | |
| 34 | പട്ടികജാതി വിഭാഗക്കാർക്ക് വീട് വെക്കാൻ ഭൂമി വാങ്ങിയത്-മുഴുവൻ രേഖകളും ഹാജരാക്കിയില്ല | 3-10 | | |
| 35 | റോഡ് കോൺക്രീറ്റ് പ്രവൃത്തി -ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചു. | 3-11 | | |
| 36 | സർവ്വീസ് ടാക്സ് അടവാക്കിയ രേഖയില്ല | 3-12 | | |
| 37 | പുതിയ തുറന്ന കിണർ നിർമ്മാണം - മുഴുവൻ രേഖകളും ഹാജരാക്കിയില്ല | 3-13 | | |
| 38 | എസ്റ്റിമേറ്റിലും, അളവു പുസ്തകത്തിലും രേഖപ്പെടുത്തിയതിനു വിരുദ്ധമായി കനം കുറഞ്ഞ അലുമിനിയം ഷീറ്റ് മേഞ്ഞു-- | 3-14 | | |

| | | | |
|---|---|---|---|
| | കരാറുകാരന് അധികം തുക അനുവദിച്ചു. | | |
| 39 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ | 3-15 | |
| 40 | ലൈഫ് പദ്ധതി (വീട് വാസയോഗ്യമാക്കൽ) - പ്രവൃർത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് . | 3-16 | |
| 41 | കെ യു ആർ ഡി എഫ് സി ലോൺ - വിവരങ്ങൾ ലഭ്യമാക്കിയില്ല. | 3-17 | |
| 42 | സാക്ഷരത തുല്യത പദ്ധതി - പ്രോജക്റ്റിലെ അപാകതകൾ | 3-18 | |
| 43 | സെന്ററിങ് പ്രവൃത്തി അധിക നിരക്കിൽ തുക നൽകി | 3-19 | |
| 44 | പി എം എ വൈ പദ്ധതി - ഭവന നിർമ്മാണം ത്വരിതപ്പെടുത്തേണ്ടതാണ്. | 3-20 | |
| 45 | തണൽ ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-21 | |
| 46 | പച്ചപ്പ് (പച്ചക്കറി കൃഷി) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 3-22 | |
| 47 | മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-23 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 49 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 51 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 52 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 53 | ഓഡിറ്റ് റിക്കവറി | 4-6 | |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 55 | ചാർജ് /സർചാർജ് | 4-8 | |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 58 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | 4-11 | |



# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.03.2017 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 02.08.2018 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 01.09.2018 മുതൽ 03.09.2018 വരെ | കെ എസ് എ എം പി എം 25/2057/2018 തിയതി 10.10.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,35,58,640 |
| വരവ് | 10,66,39,596 |
| ആകെ | 13,01,98,236 |
| ചെലവ് | 9,42,45,438 |
| നീക്കിയിരിപ്പ് | 3,59,52,798 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 38122000 | 38122000 | 20836504 | 17285496 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7161000 | 7161000 | 6038970 | 1122030 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 47558 | 47558 | 0 | 47558 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1436726 | 1436726 | 1361978 | 74748 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5798880 | 5798880 | 3862680 | 1936200 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11761976 | 11761976 | 10298797 | 1463179 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ്(സ്റ്റേറ്റ്) | 0 | 1000373 | 1000373 | 975411 | 24962 |
| പെർഫോമൻസ് ഗ്രാന്റ്(സെൻട്രൽ) | 0 | 2677391 | 2677391 | 2662779 | 14612 |
| എ.യു.ഇ.ജി.എസ്. | 2225000 | 6415055 | 8640055 | 5266559 | 3373496 |
| ബി ഫണ്ട് | 0 | 84809840 | 84809840 | 84809840 | 0 |
| തനത് ഫണ്ട് | 6435515 | 22350815 | 28786330 | 20006498 | 8779832 |
| ടി എസ് ബി (ട്രഷറി ) | 12205109 | 23584045 | 35789154 | 20751239 | 15037915 |
| എസ് ബി ടി (ജലനിധി) | 711676 | 26508 | 738184 | 0 | 738184 |
| എസ് ബി ടി, (എസ് എസ് എ) | 9224 | 344 | 9568 | 0 | 9568 |
| എസ് ബി ടി ,( എൻ ആർ ഇ ജി എസ് ) | 9338 | 4344 | 13682 | 0 | 13682 |
| ഐ സി ഐ സി ഐ (പി എം എ വൈ) | 0 | 18928052 | 18928052 | 13384526 | 5543526 |
| എസ് ബി ടി , (സാനിറ്റേഷൻ ) | 16600 | 618 | 17218 | 0 | 17218 |
| എസ് ബി ടി(എൻ എ ഒ പി ) | 32011 | 0 | 32011 | 0 | 32011 |
| എസ് ബി ടി (ഹരിയാലി -I) | 1496 | 55 | 1551 | 0 | 1551 |
| എസ് ബി ടി (ഹരിയാലി -II) | 1493 | 55 | 1548 | 0 | 1548 |
| പി എസ് സി ബി (ദുരിതാശ്വാസ നിധി) | 69182 | 95738 | 164920 | 44900 | 120020 |
| കേരള ഗ്രാമീൺ ബാങ്ക് (മണൽ) | 45806 | 0 | 45806 | 0 | 45806 |
| കനറബാങ്ക് (സഞ്ജയ ഓൺലൈൻ) | 1098559 | 44343 | 1142902 | 91554 | 1051348 |
| കനറബാങ്ക് (എൻ യു എൽ എം) | 220400 | 2672017 | 2892417 | 2427836 | 464581 |
| കനറബാങ്ക് (തണൽ) | 62081 | 2908 | 64989 | 0 | 64989 |
| കനറബാങ്ക് (സ്വച്ഛാഭാരത് ) | 114606 | 132309 | 246915 | 107284 | 139631 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
| 310 | 190251855 | 124 | 53810089 | ലഭ്യമല്ല | 186 | 40 |

# 1-7 തൊഴിലുറപ്പ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2225000 | 6415055 | 8640055 | 539900 | 3373496 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 4726659 | |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77640 | 154 |
| കർഷകതൊഴിലാളി പെൻഷൻ | 3791200 | 321 |
| വിധവാപെൻഷൻ | 30320500 | 2646 |
| വാർദ്ധക്യകാലപെൻഷൻ | 37366200 | 3342 |
| വികലാംഗപെൻഷൻ | 8644700 | 793 |
| വിവാഹധനസഹായം | 1040000 | 36 |
| 50വയസിനുമുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 1784800 | 154 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,87,752 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1) 1-11-2015- ൽ പുതുതായി രൂപീകരിച്ച ഈ നഗരസഭയിൽ നാളിതു വരെയായി "സകർമ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല.

2) നഗരസഭയിൽ നിലവിലില്ലാത്ത നിർവഹണ ഉദ്യോഗസ്ഥരായ SCDO, IEOതുടങ്ങിയവർക്ക് പ്രൊജക്റ്റ് തയ്യാറാക്കിയത് പാഴ്ശ്രമമായി. ഇതിൽ SCDO-യുടെ പ്രൊജക്ടുകൾ അവസാനം സെക്രട്ടറി തന്നെ നിർവഹണം നടത്തുകയാണ് ചെയ്തത്. നിർവഹണ ഉദ്യോഗസ്ഥരെ നിശ്ചയിക്കുമ്പോൾ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3) വൗച്ചറുകൾ ഫയൽ ചെയ്തു സൂക്ഷിക്കാതെ ഓരോന്നായി അടുക്കി വച്ചിരിക്കുകയാണ്. ഓരോ മാസത്തേയും വൗച്ചറുകൾ തുന്നിച്ചേർത്ത് ഒന്നോ രണ്ടോ കെട്ടുകളായി ബൈന്റു ചെയ്തു സൂക്ഷിക്കേണ്ടതാണ്.

4) നഗരസഭാ കാര്യാലയം പ്രവർത്തിക്കുന്ന ബഹുനില കെട്ടിടത്തിന്റെ പല ഭാഗങ്ങളും ഇനിയും വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ഇങ്ങനെ ഒഴിഞ്ഞു കിടക്കുന്നതും, വാടകയ്ക്ക് നൽകിയ ചില സ്ഥലങ്ങളും അടക്കം പല സ്ഥലത്തും ചപ്പുചവറുകളും പാഴ്വസ്തുക്കളും കുന്നുകൂടി കിടക്കുന്നത് നഗരസഭയുടെ അനാസ്ഥയാണ്.

5) ഓഫീസ് ഉത്തരവു രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. നിലവിൽ ഉത്തരവിന്റെ ടൈപ്പ് ചെയ്ത പേപ്പറുകൾ ഫയലായി സൂക്ഷിച്ചിരിക്കുകയാണ്.

ഓഫീസ് ഉത്തരവിന്റെ രജിസ്റ്റർ സൂക്ഷിക്കുകയും, ഉത്തരവുകൾക്ക് താഴെ ഓഫീസിൽ അനുവദിച്ച തന്നിട്ടുള്ള എല്ലാ തസ്തികകളും ജീവനക്കാരുടെ പേരും രേഖപ്പെടുത്തി, തിയ്യതി സഹിതം ഒപ്പു വാങ്ങിക്കേണ്ടതാണ്.

6) ജീവനക്കാർ പേഴ്സണൽ രജിസ്റ്ററുകൾ എഴുതുന്നുണ്ട് എന്ന കാര്യം, പ്രതിമാസ- ത്രൈമാസ പരിശോധനകളിലൂടെ മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തുന്നില്ല.

7) നഗരസഭയിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങി, രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ സർവീസ് ബുക്ക് രജിസ്റ്റർ പോലുള്ള പല രജിസ്റ്ററുകളും നിശ്ചിത മാതൃകയിലല്ല തയ്യാറാക്കിയിട്ടുള്ളത്.

8) എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്റ്റ് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ, TR 7A Cash Book, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ആവശ്യാനുസരണം വിതരണം ചെയ്ത് അവയിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

9) നികുതി-നികുതിയേതര ഇനങ്ങളിലായി കോടിക്കണക്കിനു രൂപ കുടിശ്ശികയുണ്ട്. ഇവ കാലഹരണപ്പെടാതെ പിരിച്ചെടുക്കേണ്ടതാണ്.

10) കാലഹരണപ്പെട്ട നിക്ഷേപത്തുകകൾ നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

11) ആസ്തി രജിസ്റ്റർ 2015 നു ശേഷം പുതുക്കി കാലികമാക്കിയിട്ടില്ല.

12) ഇടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.12.2015 – 07.12.15 | ഒക്ടോബർ 2015 | 02.04.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.12.2018-20.12.18 | 2016-17 മുതൽ 2017-18 വരെ | 02.02.2019 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അക്കൗണ്ട് നമ്പർ 40220101009594 (sand), 57049449651 (NOAP) എന്നീ ബാങ്ക് അക്കൗണ്ടുകൾ ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ആദ്യത്തെ അക്കൗണ്ടിൽ 47661/- രൂപ ബാലൻസ് ഉണ്ട്. എന്നാൽ വാർഷിക കണക്കിൽ 45806/- രൂപയാണ് കാണിച്ചിട്ടുള്ളത്. അതുപോലെ, രണ്ടാമത്തെ അക്കൗണ്ടിൽ ഇവ യഥാക്രമം "0" യും 32011/- രൂപയുമാണ്.

2. എല്ലാ അക്കൗണ്ടുകളും പ്രതിമാസം പൊരുത്തപ്പെടുന്നില്ല.

3. ഹരിയാലിയുടെ ഫണ്ട് നിക്ഷേപിക്കുന്നതിന് എസ്.ബി.ഐ പരപ്പനങ്ങാടി ശാഖയിൽ 67013609748, 67015498207 എന്നീ അക്കൗണ്ട് നമ്പറുകളിലായി രണ്ട് അക്കൗണ്ടുകൾ ഉണ്ട്. ഇതിൽ ഒന്ന് മാത്രം നിലനിർത്തേണ്ടതാണ്.

4. വാർഷിക കണക്കിൽ പറഞ്ഞിട്ടുള്ള കാനറ ബാങ്ക് (നെററ് ബാങ്കിംഗ്), എസ്.ബി.ഐ പരപ്പനങ്ങാടി (പൈക്ക), കെ.ജി.ബി (സോഷ്യൽ സെക്യൂരിറ്റി പെൻഷൻ) എന്നീ ബാങ്ക് അക്കൗണ്ടുകൾ യാതൊരു ഇടപാടു നടത്താതെ സീറോ ബാലൻസ് ആയി തുടരുന്നതായി കാണുന്നു. പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5. നഗരസഭയുടെ വിവിധ അക്കൗണ്ടുകളിൽ നിന്നും നൽകിയിട്ടുള്ളതും 3 മാസത്തിലേറെയായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകൾ ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in Respect of Stale Cheque)" എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| അക്കൗണ്ട് നമ്പർ | മൂന്ന് മാസത്തിന് ശേഷവും പണമാക്കി മാറ്റാത്ത ചെക്കുകളുടെ എണ്ണം | തുക |
|---|---|---|
| പി.എസ്.സി.ബി അക്കൗണ്ട് നമ്പർ 002002002103 (തനത്) | 31 | 89292.00 |
| പി.എസ്.സി.ബി അക്കൗണ്ട് നമ്പർ 002002008214 (ദുരിതാശ്വാസ നിധി) | 6 | 11000.00 |
| എസ്.ബി.ഐ പരപ്പനങ്ങാടി 67060336090 (MNREGS) | 3 | 69132.00 |

നിലവിൽ "Liability in Respect of Stale Cheque" എന്ന ശീർഷകം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ബാലൻസ് ഷീറ്റിലെ B1 ഷെഡ്യൂളിലെ General Fund, Excess of Income over Expenditure എന്നീ ഇനങ്ങൾ, B1 ഷെഡ്യൂൾ Vertical Statement-മായി പൊരുത്തപ്പെടുന്നില്ല.

7. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല. (ഷെഡ്യൂൾ I-17(a))

8. തൊഴിൽ നികുതി, ഡി & ഒ, വാടക എന്നിവ സംബന്ധിച്ച ഡി.സി.ബി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

9. വസ്തു നികുതിയുടെ അക്രൂഡ് ഡിമാന്റ് അനുദിനം മാറിക്കൊണ്ടിരിക്കുന്നതിൽ സാംഖ്യയിലെയും സഞ്ചയയിലെയും തുകകൾ തമ്മിൽ വ്യത്യാസം ഉണ്ട്.

10.വസ്തുനികുതിയുടെ തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതു കണക്കാക്കിയത് സംബന്ധിച്ച വർക്ക്-ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

11. ഋണശീർഷ വരവുകൾ ഉൾപ്പെടുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ, നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ള തുകകൾ ഉൾപ്പെടുന്ന അഡ്വാൻസ് രജിസ്റ്റർ, സ്ഥിര നിക്ഷേപങ്ങൾ ഉൾപ്പെടുന്ന ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സ്ഥാപനം സൂക്ഷിക്കുന്നില്ല. മേൽപറഞ്ഞ രജിസ്റ്ററുകൾ ലഭ്യമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

12. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

13. വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), ഫിഷറീസ് ഇൻസ്പെക്ടർ, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നഗരസഭയിൽ നിന്നുള്ള വരവു-ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുന്നതിനായി

സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) മുനിസിപ്പാലിറ്റിയിൽ നിന്നും വകുപ്പിൽ നിന്ന് നേരിട്ടുമുള്ള വരവു-ചെലവുകൾക്കായി പ്രത്യേകം TR-7A കാഷ് ബുക്ക് നിലനിർത്തുന്നുണ്ട്. ഇത് ക്രമവിരിദ്ധമാണ്. സ്ഥാപനത്തിന്റെ എല്ലാ വരവു-ചെലവുകളും ഒറ്റ കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭയിൽ നിന്നുള്ള വരവുകൾ പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

14. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

15. 2016-17 വർഷത്തെ അക്കൗണ്ട് പരിശോധനയിൽ പരാമർശിച്ച അപാകതകളിൽ ഇനിയും പരിഹരിക്കാൻ അവശേഷിക്കുന്നുണ്ട്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ നഗരസഭയിൽ പാലിച്ചിട്ടില്ല.

(1).ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്.

(2).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്ക്യുപെൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പരിലാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ , ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ , പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

(3).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്.

(4).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

(5).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(6).കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്.

അപേക്ഷ രജിസ്റ്റർ സൂക്ഷിപ്പിലെ മുകളിൽ പറഞ്ഞിട്ടുള്ള അപാകതകൾക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം - 30/18.03.2019) അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി കുറവായി നിർണ്ണയിച്ചു.

വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 70 രൂപ / ച.മീ ആയാണ് കൗൺസിൽ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.മൂസ & ഹഫ്സത്ത്, വടക്കേചോളക്കകത്ത് ഹൌസ്, ഉള്ളണം നോർത്ത്.പി.ഒ എന്നവരുടെ ഉടമസ്ഥതയിലുള്ള 23 ച.മീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് 04.08.2017 ന് 20 രൂപ /ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ 1002/- രൂപ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | V/523 D |
| തറവിസ്തീർണ്ണം | 23 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 70/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 23 x 70) | 1610 രൂപ |
| (-) ഇളവ് - 20 % (ദ്വിതീയ മേഖല – 10% മേൽക്കൂര – 10% ) | 322 രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 1288 രൂപ |
| ഈടാക്കിയ വസ്തുനികുതി | 424 രൂപ. |
| ഈടാക്കിയതിൽ കുറവ് | 864 രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (1288 x 5%) | 65 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 19 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 46 രൂപ. |
| ഈടാക്കേണ്ട സേവന നികുതി (1288 x 10%) | 129 രൂപ |
| ഈടാക്കിയ സേവനനികുതി | 37 രൂപ |
| സേവനനികുതി ഈടാക്കിയതിൽ കുറവ് | 92 രൂപ. |
| **ആകെ നഷ്ടം (864 + 46 + 92 )** | **1002 രൂപ.** |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (എൻക്വയറി നമ്പർ. 17/15.03.2019) നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ചിട്ടുണ്ടെന്നും നഷ്ടതുക ഈടാക്കുന്നതിന് കെട്ടിടയുടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നഷ്ടതുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 34 പ്രകാരം ആകെ കാർപ്പറ്റ് വിസ്തീർണ്ണം 1000 ച.മീ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക്, 75 ച.മീ കാർപ്പറ്റ് വിസ്തീർണ്ണത്തിന് 1 എന്ന നിരക്കിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള പാർക്കിംഗ് ഒരുക്കാതെയാണ് താഴെ പറയുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>1). ശ്രീമതി.ഐഷ്യ, അഞ്ചുകണ്ടൻ ഹൗസ്, കരുവൻതുരുത്തി.പി.ഒ, ഫറൂക്ക്.</u>

| | | | |
|---|---|---|---|
| പെർമിറ്റ് നമ്പർ / തിയ്യതി | A3-BA(75150)/2017 തി. 30.11.2017<br>(BP/223/17) | | |
| കെട്ടിടത്തിന്റെ ആകെ വിസ്തീർണം | Plinth Area- 216.48 m2 | | |
| | Floor Area- 216.48 m2 | | |
| | Carpet Area- 169.22 m2 | | |
| പാർക്കിംഗ് | നൽകേണ്ടത് | നൽകിയത് | കുറവ് |
| കാർ | 3 | 2 | 1 |
| ഇരു ചക്ര വാഹനങ്ങൾ | 3 | 1 | 2 |
| Parking Calculation:<br>Car Parking – Grop F (169.22 $m^2$ Carpet Area) : 3 Nos [( 169.22 / 75 = 2.26) ie 3 ] | | | |
| Two Wheeler: 3 Nos [25% Car Parking Area = 8.48 $m^2$ / 3 $m^2$ = 3 ] | | | |

മുനിസിപ്പൽ എൻജിനീയറുടെ സാങ്കേതിക പരിശോധന റിപ്പോർട്ടിൽ മേൽ അപാകത റിപ്പോർട്ട് ചെയ്തിട്ടില്ല. ചട്ടപ്രകാരമുള്ള പാർക്കിംഗ് ഒരുക്കാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയത് ക്രമ പ്രകാരമല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 17/15.03.2019) നിലവിൽ പാർക്കിംഗിന് കണ്ടെത്തിയ സ്ഥലം 160 ച.മീറ്റർ വിസ്തൃതിയുള്ള front yard ആയതിനാൽ അതിന്റെ 50% പാർക്കിംഗ് ആയി കണക്കാക്കാവുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മതിയായ പാർക്കിംഗ് സൗകര്യം രേഖപ്പെടുത്തിയിട്ടുള്ള പ്ലാൻ പ്രകാരമായിരിക്കണം പെർമിറ്റ് അനുവദിക്കേണ്ടത്. നിർമ്മാണം പൂർത്തീകരിച്ച് ഒക്കുപ്പൻസി നൽകുന്നതിന് മുമ്പ് മതിയായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 വസ്തുനികുതി - യഥാസമയം പിരിച്ചെടുക്കുന്നില്ല.

2017-18 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡിമാന്റ് / അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷാവസാനം 2,14,06,498/-രൂപ പിരിച്ചെടുക്കാനുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ |
| 17093776 | 12385620 | 29479396 | 2505852 | 5567046 | 8072898 | 14587924 | 6818574 | 21406498 |

എന്നാൽ നഗരസഭയിൽ ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകയുടെ ആധികാരികത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. കുടിശ്ശിക തുക കാലാഹരണപ്പെടുന്നതിന് മുമ്പ് പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതും കാലാഹരണപ്പെടുന്ന തുക ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-5 വാർത്താവിനിമയ ഗോപുരങ്ങളുടെ നികുതി - 5,90,701/- രൂപ കുടിശ്ശിക.

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന 13 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ (സഞ്ചയ

സോഫ്റ്റ്‌വെയർ) പരിശോധിച്ചതിൽ 2013-14 മുതലുള്ള വസ്തുനികുതി കുടിശ്ശികയുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വർഷം | അസസ് ചെയ്ത വാർഷിക നികുതി (ഗ്രന്ഥശാലാ വരി, സർവ്വീസ് ചാർജ് ഉൾപ്പെടെ) | ആകെ കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | 22/992 A | ഡെപ്യൂട്ടി ജനറൽ മാനേജർ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 2013-14മുതൽ 2017-18 വരെ | 15180 (13200+660+1320) | 75900 |
| 2 | 2/244 | അഹമ്മദ്, പള്ളിയാളി, ചെട്ടിപ്പടി | 2013-14മുതൽ 2017-18 വരെ | 5693 (4950+248+495) | 28465 |
| 3 | 17/398 A | എം.എസ് റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് | 2013-14മുതൽ 2017-18 വരെ | 5750 (5000+250+500) | 28750 |
| 4 | 19/161 Q | എ.ടി.സി ടെലകോം ടവർ കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 2016-17 മുതൽ 2017-18 വരെ | 4600 (4000+200+400) | 9200 |
| 5 | 21/115 A | ടാറ്റ ടെലിസർവ്വീസ് ലിമിറ്റഡ് | 2013-14മുതൽ 2017-18 വരെ | 12650 (11000+550+1100) | 63250 |
| 6 | 13/442 | ജി.ടി.എൽ ഇൻഫ്രാസ്ട്രക്ചർ എൽ.ടി.ഡി കൊച്ചിൻ | 2013-14മുതൽ 2017-18 വരെ | 5750 (5000+250+500) | 28750 |
| 7 | 11/615 | റിലയൻസ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2013-14മുതൽ 2017-18 വരെ | 6900 (6000+300+600) | 34500 |
| 8 | 12/429 C | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2013-14മുതൽ 2017-18 വരെ | 6900 (6000+300+600) | 34500 |
| 9 | 9/355 | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 2016-17 മുതൽ 2017-18 വരെ | 5963 (4950+248+495) | 11386 |
| 10 | 7/442 | ഭാരതി | 2013- | 12420 | 62100 |

| | | | | | |
|---|---|---|---|---|---|
| | B | ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 14മുതൽ 2017-18 വരെ | (10800+540+1080) | |
| 11 | 2/1028 A | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2013-14മുതൽ 2017-18 വരെ | 15180 (13200+660+1320) | 75900 |
| 12 | 2/892 A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 2013-14മുതൽ 2017-18 വരെ | 15180 (13200+660+1320) | 75900 |
| 13 | 2/699 A | വയർലസ് ടി.ടി ഇൻഫോ സർവ്വീസ്, കൊച്ചിൻ | 2013-14മുതൽ 2017-18 വരെ | 12420 (10800+540+1080 | 62100 |
| ആകെ | | | | 124586 | 590701 |

കുടിശ്ശിക തുക ഈടാക്കുന്നതിന് യാതൊരു നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല. യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കുടിശ്ശിക തുക കാലാഹരണപ്പെടുന്നതിന് കാരണമായിട്ടുണ്ട്. കുടിശ്ശിക തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൗൺസിലിന്റേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും കൃത്യമായ മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതുണ്ട്.

(ഓഡിറ്റ് എൻക്വയറി നമ്പർ.20/15.03.2019)

# 2-6 വസ്തുനികുതി നിർണ്ണയം - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കാതെ നികുതി നിർണ്ണയിച്ചു.

14.01.2011 ലെ സ.ഉ(അ) നമ്പർ.18/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ട് തരം റോഡുകൾ ഉണ്ടായിരിക്കുകകയും അവയിൽ നിന്ന് ഒരു റോഡിൽ നിന്ന് മാത്രം കെട്ടിടത്തിലേക്ക് പ്രവേശനമാർഗ്ഗം ഏർപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്ന സംഗതിയിൽ, അവയിൽ നിന്ന് പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൌകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. കൂടാതെ ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്നും പത്ത് മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ പൊതുനടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൌകര്യം ലഭ്യമാക്കിയിട്ടുള്ള സംഗതിയിൽ പ്രധാന റോഡിൽ നിന്നും കെട്ടിടത്തിലേക്ക് വഴി സൗകര്യമുള്ളതായി കണക്കാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഓഡിറ്റ് വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള താഴെ പറയുന്ന വാണിജ്യ കെട്ടിടത്തിന് പരപ്പനങ്ങാടി - തിരൂർ റോഡിൽ നിന്നും നേരിട്ട് പ്രവേശന മാർഗ്ഗമുണ്ടെങ്കിലും ഇപ്രകാരം വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേരും വിലാസവും. | ശ്രീമതി.നഫീസ കാവുങ്ങൽ ഹൗസ്, അമക്കോട്ട്, പരപ്പനങ്ങാടി |

| | |
|---|---|
| പ്ലിന്ത് ഏരിയ | 329.65 ച.മീ |
| അനുവദിച്ചിരിക്കുന്ന കെട്ടിടനമ്പർ. | XV/1554 A |
| കെട്ടിടത്തിന്റെ പ്രവേശന മാർഗ്ഗമുള്ള റോഡ് | പരപ്പനങ്ങാടി - തിരൂർ റോഡ് |
| നഗരസഭ അംഗീകരിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. | 90 രൂപ. |
| ഈടാക്കേണ്ട വസ്തുനികുതി (329.65 x 90) | 29669/- |
| ഇളവ് 10% (കുറഞ്ഞ തരം മേൽക്കൂര) | 2966/- |
| വർദ്ധനവ് 30 % (റോഡ്- 20%, എയർകണ്ടീഷനിംഗ്-10% ) | 8901/- |
| **ഈടാക്കേണ്ട വസ്തുനികുതി** | **35604/-** |
| ഈടാക്കിയ വസ്തുനികുതി | 29669/- |
| **കുറവ്** | **5935/-** |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (35604 x 5%) | 1781/- |
| ഈടാക്കിയ ലൈബ്രറി സെസ്സ്. | 1484/- |
| **കുറവ്** | **297/-** |
| ഈടാക്കേണ്ട സേവന ഉപനികുതി (35604 x 10%) | 3561/- |
| ഈടാക്കിയ സേവന ഉപനികുതി | 2967/- |
| **കുറവ്** | **594/-** |
| **ആകെ കുറവുള്ള തുക (5935+297+594)** | **6826/-** |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.16/15.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടതുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

# 2-7 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല.

14.01.2011 ലെ സ.ഉ(അ) നം.18/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 02.12.2013 ലെ സ.ഉ(എം.എസ്) നം.371/2013/തസ്വഭവ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും ഈ ചട്ടം ബാധകമാണ്. വസ്തു നികുതി പരിഷ്കരണത്തിന്റെ പുരോഗതി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.19/15.03.2019) 45 വാർഡുകളിലേയും പുതിയ നമ്പർ പ്ലേറ്റ് പതിക്കലും വിവരശേഖരണവും പൂർത്തിയാക്കിയതായും സഞ്ചയ സോഫ്റ്റ്‌വെയറിൽ എൻട്രി നടത്തി വേരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചു വരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കേണ്ടിയിരുന്ന പുതുക്കിയ വസ്തുനികുതി 2018-19 സാമ്പത്തിക വർഷത്തിലും ഈടാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

# 2-8 ഡി & ഒ ലൈസൻസ് അനുവദിയ്ക്കുന്നത് ക്രമപ്രകാരമല്ല

പരപ്പനങ്ങാടി നഗരസഭ 2017-18 വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 447 (1) പ്രകാരം മുനിസിപ്പൽ പ്രദേശത്ത് യാതൊരു സ്ഥലവും

(എ) പരിസ്ഥതി , പൊതുസുരക്ഷ ,പൊതുജനാരോഗ്യം മുതലായ പൊതു താല്പര്യങ്ങലെ പ്രത്യക്ഷമായോ ,പരോക്ഷമായോ ദോഷകരമായി ബാധിയ്ക്കുന്നതോ ശല്യകാരണമായി ഭവിയ്ക്കുന്നതോ ആയ വ്യവസായങ്ങൾ ,ഫാക്ടറികൾ , വ്യാപരങ്ങൾ ,പണിസ്ഥലങ്ങൾ മറ്റു സേവനങ്ങൾ എന്നിവയ്ക്കായി പൊതുവേയും

(ബി)നിർണ്ണയിയ്ക്കപെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും

(i)ഓരോ കാര്യത്തിനും സർക്കാർ നിർണ്ണയിയ്ക്കുന്ന നിരക്കിലോ പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി നിർണ്ണയിയ്ക്കപെടാവുന്ന രീതിയിൽ പ്രസിദ്ധീകരിയ്ക്കുന്ന വിജ്ഞാപനപ്രകാരം ,നിശ്ചയ്ക്കപെടാവുന്ന അങ്ങനെയുള്ള നിരക്കിലോ ,ലൈസൻസ് ഫീസ് ഒടുക്കാതെയും

(ii)നിർണ്ണയിക്കപ്പെടാവുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും,
ഉപയോഗിയ്ക്കുവാൻ പാടില്ല.

സെക്ഷൻ 447(5) പ്രകാരം ഈ ആക്റ്റോ(മുനിസിപ്പാലിറ്റി ആക്റ്റ് 1994) ,അതിനുകീഴിൽ ഉണ്ടാക്കിയിട്ടുള്ള ബൈലോയോ പ്രകാരമാണ് ലൈസൻസിന് അപേക്ഷിയ്ക്കേണ്ടത്.

എന്നാൽ മുനിസിപ്പാലിറ്റി രൂപീകരിച്ച് ഇന്നേവരെയും ബൈലോ രൂപീകരിയ്ക്കുകയോ,വിജ്ഞാപനമിറക്കുകയോ ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി.പകരം,2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പ്രകാരമാണ് നിലവിൽ നഗരസഭ ഡി & ഒ ലൈസൻസ് അനുവദിച്ചുവരുന്നത് എന്ന് കണ്ടെത്തി.

സ ഉ (സാ)നം. 70/17/തസ്വഭവ തി. 10.01.17 പരിഷ്ക്കരിച്ച ഉത്തരവ് സ.ഉ (സാ)നം. 256/17 തസ്വഭവ തി. 30.01.17 എന്നിവ പ്രകാരം 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ നടപ്പിലാക്കുന്നത് സർക്കാർ 30.04.2017 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ലൈസൻസിനുള്ള ഫീസ് ,വ്യാപാരം /തൊഴിൽ/കച്ചവടസ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം ,വ്യാപാരത്തിന്റെ സ്വഭാവം ,നടത്തുന്ന കച്ചവടത്തിന്റെ തോത് ,മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തിന്റെയും സുതാര്യമായ മാനദണ്ഡപ്രകാരം 'എ', 'ബി', 'സി ' എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് ഈ ആക്റ്റ് പ്രകാരമുള്ള I,II പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിനു വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷക ലൈസൻസ് ഫീസ് ചുമത്താവുന്നതും ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ പ്രാബല്യത്തിൽ വന്നാലുടൻ പ്രസിദ്ധീകരിയ്ക്കേണ്ടതുമാണ്.

ചട്ടപ്രകാരം ഈടാക്കാവുന്ന ഏറ്റവും കുറഞ്ഞനിരക്കാണ് മേൽ ഉത്തരവിലെ I,II പട്ടികകളിൽ പരാമർശിച്ചിട്ടുള്ളത്.നഗരസഭയിലെ സാഹചര്യങ്ങൾക്കനുസൃതമായി ഓരോ വ്യാപാരത്തിന്റെയും സുതാര്യമായ മാനദണ്ഡപ്രകാരം 'എ', 'ബി', 'സി ' എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് കൗൺസിൽ നിരക്ക് നിശ്ചയിച്ച ശേഷം വിജ്ഞാപനം നടപ്പിലാക്കുന്നതിനു മുൻപായി കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ച് ലൈസൻസ് ബാധകമായിട്ടുള്ള കക്ഷികളിൽ നിന്നുമുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷം കൗൺസിൽ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് സുതാര്യമായി വേണം നിയമം നടപ്പിൽ വരുത്തേണ്ടത്. .എന്നാൽ പരപ്പനങ്ങാടി നഗരസഭയുടെ 2017-18 വർഷത്തെ കൗൺസിൽ മിനുട്സ് പരിശോധിച്ചതിൽ 01.05.2017 ന് ശേഷം മേൽ

ചട്ടങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് യാതൊരു തീരുമാനവും എടുത്തതായി കാണുന്നില്ല. അപാകതയ്ക്ക് കാരണമാരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/11.03.19)ചട്ടപ്രകാരം വിജ്ഞാപനം ഇറക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന മറുപടി ലഭിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ലൈസൻസിന്റെ കാലാവധി 5 വർഷമാണ്. എന്നാൽ ഈ നിയമം നടപ്പിലാക്കുമ്പോഴും നിലവിൽ ഒരു വർഷത്തെയ്ക്കാണ് ലൈസൻസ് അനുവദിയ്ക്കുന്നത്.

സർക്കാർ നടപ്പിലാക്കുന്നത് ദീർഘിപ്പിച്ച 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ വികലമായി അനുകരിച്ചുകൊണ്ട് ഡി & ഒ ലൈസൻസ് അനുവദിച്ചു വരുന്ന നടപടി തീർത്തും നിരുത്തരവാദപരവും നിയമവിരുദ്ധവുമാണ്.അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും.അപാകത അടിയന്തിരമായി പരിഹരിയ്ക്കുന്നതിന് സത്വരനടപടി സ്വീകരിയ്ക്കേണ്ടതുമാണ്.

## 2-9 തൊഴിൽ നികുതി - രേഖകൾ ലഭ്യമാക്കിയില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 245 (എ) (i) പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ ,മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ താമസിച്ചു കൊണ്ട് ജോലിയോ ബിസിനസോ നടത്തുകയോ ,പൊതുവോ ,സ്വകാര്യമോ ആയ ഉദ്യോഗം വഹിയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും 2005 ലെ കേരള മുനിസിപ്പാലിറ്റി( തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(1)(2) ലെ പട്ടിക പ്രകാരം പ്രസ്തുത മുനിസിപ്പാലിറ്റിയിൽ തൊഴിൽ നികുതി അടവാക്കേണ്ടതാണ്.

2005 ലെ കേരള മുനിസിപ്പാലിറ്റി( തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായിട്ടുള്ളവരിൽ നിന്നും അർദ്ധ വാർഷിക വരുമാനം കാണിയ്ക്കുന്ന റിട്ടേൺ ഓരോ അർദ്ധവർഷത്തിലും ആവശ്യപ്പെടേണ്ടതാണ്.കൂടാതെ, 2005 ലെ കേരള മുനിസിപ്പാലിറ്റി( തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിയ്ക്കേണ്ടതാണ്.

2017-18 വർഷത്തിൽ വാർഷികകണക്ക് പ്രകാരം തൊഴിൽ നികുതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | ജീവനക്കാർ | വ്യാപാരികൾ | ആകെ |
|---|---|---|---|
| തൻവർഷം ഡിമാന്റ് - | 23,17,510 | 9,20,015 | 32,37,525 |
| കളക്ഷൻ - | 22,81,210 | 9,20,015 | 32,01,225 |
| മുൻവർഷ കുടിശ്ശിക ബാക്കി | | | 6,250 |
| തൻവർഷം<br>കുടിശ്ശിക കളക്ഷൻ | | | 6,250 |
| തൻവർഷ ബാലൻസ് | | | ഇല്ല |

2017-18 വർഷത്തിൽ വാർഷികകണക്ക് പ്രകാരം 36,300 രൂപ തൊഴിൽ നികുതി പരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. എന്നാൽ വിവരം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

എന്നാൽ മേൽ കണക്കുകൾ പരിശോധിയ്ക്കുന്നതിനാവശ്യമായ ഒരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 4 /11.03.2019)മറുപടി ലഭ്യമാക്കാത്തതിൽ നിന്നും തൊഴിൽ നികുതി സംബന്ധിച്ച താഴെ പറയുന്ന രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല എന്ന് വ്യക്തമായി.

1)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

2)തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തൊഴിൽ നികുതി അടവാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഡിമാന്റ് നോട്ടീസ് വിവരങ്ങൾ

3) ആയതിൽ പ്രകാരം സ്ഥാപനങ്ങളും വ്യക്തികളും സമർപ്പിച്ച രണ്ട് അർദ്ധ വർഷങ്ങളിലെയും മുഴുവൻ തൊഴിൽ നികുതി റിട്ടേണുകൾ

4)തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പട്ടിക

5)തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

രേഖകളുടെ അഭാവത്തിൽ മേൽ കണക്കുകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിയ്ക്കാനായിട്ടില്ല.നികുതിയിനത്തിൽ നഗരസഭയ്ക്ക് ലഭിയ്ക്കുവാനുള്ള കുടിശ്ശിക മൂന്നുവർഷത്തിനകം പരിച്ചുടുക്കാത്തപക്ഷം കാലാഹരണ നിയമം ബാധകമാവുന്നതും തുക പിരിച്ചെടുക്കാൻ സാധിയ്ക്കാതെ വരികയും ചെയ്യും.അപ്രകാരം തുക പരിച്ചുടുക്കാൻ സാധിയ്ക്കാത്ത പക്ഷം നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം വീഴ്ചക്ക് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.നികുതി പരിവുസംബന്ധിച്ച് നിർണ്ണായക പങ്കുവഹിയ്ക്കുവാൻ സാധിക്കുന്ന വികസന/ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റികൾ ഈക്കാര്യത്തിൽ വീഴ്ച വരുത്തിയതായി രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി .

അപാകതകൾ പരിഹരിക്കേണ്ടതും 2017-18 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച മേൽ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

.

# 2-10 പൊതു സ്ഥലങ്ങളിൽ പരസ്യബോർഡുകളും കമാനങ്ങളും സ്ഥാപിയ്ക്കൽ -ഫീസ് നിരക്ക് നിശ്ചയിച്ചില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം മുനിസിപ്പാലിറ്റിയുടെ ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിലുള്ള ഏതെങ്കിലും പൊതു തെരുവിലോ, റോഡിലോ പൊതുസ്ഥലത്തോ അതിന് മുകളിലോ ഏതെങ്കിലും തരത്തിലുള്ള കമാനങ്ങളോ പരസ്യബോർഡുകളോ സ്ഥാപിക്കാൻ പാടില്ലാത്തതാണ്. ചട്ടം 4 പ്രകാരം കമാനങ്ങളോ പരസ്യ ബോർഡുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നവർ കമാനത്തിന്റെയോ പരസ്യ ബോർഡിന്റെയോ വിശദ വിവരം കാണിക്കുന്ന പ്ലാൻ സഹിതം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതും 6-ാം ചട്ട പ്രകാരം കൗൺസിൽ നിശ്ചയിച്ച നിരക്കിൽ ഫീസ് ഈടാക്കേണ്ടതുമാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ഇപ്രകാരമുള്ള വരവ് നഗരസഭക്ക് ലഭിച്ചതായി കാണുന്നില്ല. ആയതിന്റെ കാരണം വിശദമാക്കേണ്ടതും കൗൺസിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം - 32/18.03.2019) മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ഫീസ് നിരക്ക് നിശ്ചയിച്ചുവോയെന്ന് വ്യക്തമല്ല. ഇത് മൂലം പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിലെ നിയന്ത്രണം സാധ്യമാവാതെ വരികയും നഗരസഭയുടെ തനത് വരുമാനത്തിൽ കുറവ് സംഭവിക്കുകയും ചെയ്യുന്നുണ്ട്. ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുനിസിപ്പൽ കൗൺസിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ്.

# 2-11 വിനോദ നികുതി - രേഖകൾ ലഭ്യമാക്കിയില്ല

2017-18 വർഷത്തെ വാർഷിക കണക്ക് പ്രകാരം വിനോദ നികുതിയിനത്തിൽ 13,78,955 രൂപ വരവുണ്ട് .ഇതു സംബന്ധിച്ച താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1)വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ

2)തിയ്യേറ്ററുകളിൽ നിന്നുള്ള ഡി സി ആർ (ഡെയ് ലി കളക്ഷൻ റിപ്പോർട്ട് )

3) ടിക്കറ്റ് സീൽ രജിസ്റ്റർ

4)നികുതി കോമ്പൗണ്ട് ചെയ്തു നൽകിയിട്ടുണ്ടെങ്കിൽ ,ആയത് സംബന്ധിച്ച രേഖകൾ

രേഖകൾ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/15.03.19) മറുപടി ലഭ്യമാക്കിയില്ല. വിനോദ നികുതി സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-12 ഡി & ഒ ലൈസൻസ് ചട്ടങ്ങൾ പാലിയ്ക്കാതെ ലൈസൻസ് അനുവദിച്ചു.

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ വികലമായി അനുകരിച്ചുകൊണ്ട് ഡി & ഒ ലൈസൻസ് അനുവദിച്ചു വരുമ്പോഴും ഡി & ഒ ലൈസൻസ് ചട്ടങ്ങൾ പാലിക്കാതെയാണ് ലൈസൻസുകൾ അനുവദിയ്ക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

2017-18 വർഷത്തിൽ താഴെ പറയുന്ന ഐസ് പ്ലാന്റുകൾക്ക് നഗരസഭ പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നം | ഉടമയുടെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | മുഹമ്മദ് നിയാസ് പുളിക്കലകത്ത് ,നെടുവ (പി ഒ)<br>മലബാർ ഐസ് പ്ലാന്റ് (51 HP മോട്ടോർ ) | ഫീസ് ഈടാക്കിയത് - 1875രൂപ<br>രശീതി നം.01/11602107057/9.03.17 |
| 2 | ഹുസൈൻഹാജി പുളിയ്ക്കലകത്ത് , പരപ്പനങ്ങാടി<br>സിറ്റി ഐസ് ഫാക്ടറി (51 HP മോട്ടോർ ) | ഫീസ് ഈടാക്കിയത് - 1875രൂപ<br>രശീതി നം.01/11602107058/9.03.17 |
| 3 | എം മുഹമ്മദ്,പുത്തരിയ്ക്കൽ ,പരപ്പനങ്ങാടി<br>മദീന ഐസ് പ്ലാന്റ് (50 HP മോട്ടോർ ) | ഫീസ് ഈടാക്കിയത് - 1250 രൂപ<br>രശീതി നം.6355/31.03.17 |
| 4 | എം മുഹമ്മദ്,പുത്തരിയ്ക്കൽ ,പരപ്പനങ്ങാടി<br>ബദ് രീയ്യ ഐസ് പ്ലാന്റ് (75HP മോട്ടോർ ) | ഫീസ് ഈടാക്കിയത് - 4375രൂപ<br>രശീതി നം.6356/31.03.17 |
| 5 | അഹമ്മദ്കോയ മരയ്ക്കാർ<br>അൽഫ ഐസ് പ്ലാന്റ് ,ചെട്ടിപ്പടി (പി ഒ)<br>(95HP മോട്ടോർ ) | ഫീസ് ഈടാക്കിയത് - 4500രൂപ<br>രശീതി നം.6311/02.03.17 |
| 6 | അഹമ്മദ്കോയ മരയ്ക്കാർ<br>ഭാരത് ഐസ്പ്ലാന്റ് ,ചാപ്പപ്പടി ,പരപ്പനങ്ങാടി<br>(90HP മോട്ടോർ ) | ഫീസ് ഈടാക്കിയത് - 4500രൂപ<br>രശീതി നം.6312/02.03.17 |
| 7 | അഹമ്മദ്കോയ മരയ്ക്കാർ<br>താഹ ഐസ്പ്ലാന്റ് ,ചാപ്പപ്പടി ,പരപ്പനങ്ങാടി<br>(110HP മോട്ടോർ ) | ഫീസ് ഈടാക്കിയത് - 4500രൂപ<br>രശീതി നം.6313/02.03.17 |
| 8 | കണ്ടത്തിൽ ഖാദർ | ഫീസ് ഈടാക്കിയത് - |

| | | |
|---|---|---|
| | ന്യൂഭാരത് ഐസ്പ്ലാന്റ് ,ചെട്ടിപ്പടി,പരപ്പനങ്ങാടി (55HP മോട്ടോർ ) | 3500രൂപ<br>രശീതി നം.5959/16.02.17 |
| 9 | ആയിഷാബി ,കോർപ്പസ് വില്ല,നെടുവ (പി ഒ) ഐസ്പ്ലാന്റ് (30 HP മോട്ടോർ ) | ഫീസ് ഈടാക്കിയത് - 4500രൂപ<br>രശീതി നം.06858,06859/01.03.17 |

രേഖകൾ പരിശോധിച്ചതിൽ, അപേക്ഷ മാത്രമാണ് ഫയലിൽ ഉള്ളത് .ഐസ്പ്ലാന്റുകളിൽ ഉപയോഗിയ്ക്കുന്ന ജലം പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെടുകയോ, ഐസ്പ്ലാന്റിലേക്ക് ജലം എവിടെ നിന്ന് ലഭ്യമാകുന്നുവെന്നത് പരിശോധിയ്ക്കുകയോ, ഐസ് പ്ലാന്റുകൾ ഒരു ദിവസം എത്ര ജലം ഉപയോഗിയ്ക്കുന്നുണ്ടെന്ന് പഠനവിധേയമാക്കുകയോ, ജല ചൂക്ഷണം നടത്തുന്നുണ്ടോ എന്നത് പരിശോധിയ്ക്കുകയോ ചെയ്തിട്ടില്ല.കൂടാതെ, കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി പത്രം ലഭ്യമാക്കിയിട്ടുമില്ല.(2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ, ചട്ടം17)മതിയായ രേഖകൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

മതിയായ രേഖകൾ ഹാജറാക്കാതെ ലൈസൻസ് അനുവദിച്ചത് തുടർന്നും ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | പാലക്കണ്ടി വേലായുധൻ ,പ്രസിഡണ്ട് ,പുത്തരിയ്ക്കൽ ടൈൽ വർക്കേഴ്സ് ഇൻഡസ്ട്രീസ് കോ.ഓപ്പറേറ്റീവ് സോസൈറ്റി ലിമിറ്റഡ് (60 HP മോട്ടോർ )<br>ഓട് ,ഇഷ്ടിക നിർമ്മാണം | ഫീസ് ഈടാക്കിയത് - 2000രൂപ<br>രശീതി നം.11602107392/27.03.17 -ലഭ്യമല്ല<br>- കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി പത്രം ലഭ്യമാക്കിയിട്ടില്ല(2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ, ചട്ടം17) |
| 2 | തുടിശ്ശേരി കാർത്തികേയൻ s/o അപ്പു, നെടുവ (പി ഒ)<br>മലബാർ ഹെർബൽ റീമെഡീസ് ആന്റ് റിസേർച്ച് സെന്റർ,നെടുവ (പി ഒ)<br>ആയുർവേദ മരുന്നുകളുടെ നിർമ്മാണവും വില്പനയും | ഫീസ് ഈടാക്കിയത് - 250രൂപ<br>രശീതി നം.11602107117/13.03.17<br>കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി പത്രം ലഭ്യമാക്കിയിട്ടില്ല (2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ, ചട്ടം17) |
| 3 | മുഹമ്മദ് അൻവർ ,പ്ലസന്റ്, കെ പി എച്ച് റോഡ്,പരപ്പനങ്ങാടി | ഫീസ് ഈടാക്കിയത് - 250 രൂപ<br>രശീതി നം.01/1160210710/13.03.17<br>- കേരള ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും മരുന്നു വില്പനയ്ക്കുള്ള അനുമതിപത്രം |

| | | |
|---|---|---|
| | കെ പി എച്ച് മെഡിയ്ക്കൽസ് ,പരപ്പനങ്ങാടി | ലഭ്യമാക്കിയിട്ടില്ല. |
| 4 | അനിൽകുമാർ,പുത്തൻ വീട്,നെട്ടുവ (പി ഒ) പുനത്തിൽ വുഡ് ഇൻഡസ്ട്രസീസ് (22HP മോട്ടോർ ) | ഫീസ് ഈടാക്കിയത് - 400രൂപ രശീതി നം.5947/60/15.02.17 - 5 Hp യിൽ കവിഞ്ഞ മോട്ടോറുകൾ ഉപയോഗിച്ചു കൊണ്ടുള്ള മരവ്യവസായം ആരംഭിയ്ക്കുന്നതിന് ഫോറസ്റ്റ് വകുപ്പിന്റെ പ്രവർത്തനാനുമതി ആവശ്യമുണ്ട്. ആയത് പാലിച്ചിട്ടില്ല. |

അപാകതയ്ക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം.നം. 34 / 18.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതും,ചട്ടപ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ട് ലൈസൻസ് അനുവദിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-13 ഉപയോഗിയ്ക്കാത്ത ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

2017-18 വർഷത്തെ നഗരസഭയുടെ വാർഷിക കണക്ക് പ്രകാരം വിവിധ ബാങ്കുകളിലായി 17 അക്കൗണ്ടുകൾ നിലവിലുണ്ട്. ആയതിൽ താഴെ പറയുന്ന അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തായിരുന്നവേളയിൽ ഉള്ളതും വർഷങ്ങളായി യാതൊരുവിധ ഇടപാടുകളും നടക്കാത്തവയുമാണ്.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ടിന്റെ തരം | 31.03.2018 ന് ബാലൻസ് തുക |
|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | മണൽ | 47,661 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ | ജലനിധി | 7,38,184 |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ | എസ് എസ് ഡി | 9,568 |
| 4 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ | സാനിറ്റേഷൻ | 17,218 |
| 5 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ | എൻ എ ഒ പി | 32,011 |
| 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ | എൻ ആർ ഇ ജി എസ് | 13,682 |
| 7 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ | ഹരിയാലി - I | 1,551 |
| 8 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ | ഹരിയാലി - II | 1,548 |

നിലവിൽ ഉപയോഗിയ്ക്കാത്ത മേൽ ബാങ്ക് അക്കൗണ്ടുകളിലെ തുകകൾ അർഹമായ അക്കൗണ്ടുകളിലേക്ക് അടവാക്കി മേൽ അക്കൗണ്ടുകൾ അവസാനിപ്പിയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-14 രശീതികളുടെ പരിശോധന – അപാകതകൾ

പരപ്പനങ്ങാടി നഗരസഭയിലെ 18.10.2019 മുതൽ 07.03.2019 വരെയുള്ള രശീതികളുടെ പരിശോധന ,പണമടവ്

,ഒടുക്ക് എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ വിവിധ അപാകതകൾ ചുവടെ ചേർക്കുന്നു.

1)രശീതികളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഇഷ്യൂ ചെയ്യുന്ന ബുക്കിന്റെ നമ്പർ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.നിലവിൽ ഇഷ്യൂ ചെയ്യുന്ന ബുക്കിന്റെ എണ്ണം മാത്രമാണ് രേഖപ്പെടുത്തുന്നത് .

2)ഉപയോഗിയ്ക്കാതെ ബാക്കിവരുന്ന രശീതികൾ അവ ദുരുപയോഗം ചെയ്യപ്പെടുന്നത് തടയുന്നതിന് കാൻസൽ ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്. നിലവിൽ ആയത് പാലിയ്ക്കുന്നില്ല.

ഉദാ. ശ്രീ . റഷീദ് ഹെൽത്ത് ഇൻസ്പെക്ടർക്ക് ഇഷ്യൂ ചെയ്ത എട്ട് നം. ബുക്കിലെ പേജ് 786 മുതൽ 800 വരെ ഉപയോഗിയ്ക്കാതിരുന്ന് മാസങ്ങൾക്ക് ശേഷവും കാൻസൽ ചെയ്തിട്ടില്ല.

3)കളക്ഷനുവേണ്ടി ഇഷ്യൂ ചെയ്യുന്ന രശീതി ബുക്കുകൾ സൂപ്പർവൈസറി ഉദ്യോഗസ്ഥൻ പേജിലെ എണ്ണം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സ്ഥാപനത്തിന്റെ സീൽ പതിപ്പിച്ച് നൽകുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

4) തുകയെഴുതിയ ശേഷം കാൻസൽ ചെയ്യുന്ന രശീതികളും,രശീതികളിലെ വെട്ടി തിരുത്തലുകളും നിർബന്ധമായും മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. എന്നാൽ നിലവിൽ ആയത് പാലിയ്ക്കുന്നില്ല.

ഉദാ. രശീതി ബുക്ക് നം. 70/6933 / 12.01.18 – 372 രൂപ

കാൻസൽ ചെയ്യാതെയും പേജുകൾ വിടുന്നു.

ഉദാ. രശീതി ബുക്ക് നം. 76/7552 / 19.01.18

5)കളക്ഷൻ രജിസ്റ്ററിൽ കളക്ഷൻ വിവരങ്ങൾ എഴുതി പൂർത്തീകരിയ്ക്കാതെയും തുക അടവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടു.

ഉദാ. രശീതി ബുക്ക് നം. 76 ലെ രശീതി നം.7553 മുതൽ 7589 വരെ

അപാകതകൾ പരിഹരിയ്ക്കേണ്ടതും, ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

# 2-15 വാടക പിരിവ് – അപാകതകൾ

2017-18 വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലെ വിവിധ കടമുറികളിൽ നിന്നും വാടക ഈടാക്കിയത് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1)വാടക കുടിശ്ശിക പരിച്ചെടുത്തില്ല.</u>

2017-18 വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലെ മൽസ്യമാർക്കറ്റിലെ കടമുറികൾ ലേലം കൊണ്ട താഴെ പറയുന്ന വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കുവാൻ ബാക്കിയുണ്ട്.തുക പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമനം. | വാടകക്കാരന്റെ പേരും വിലാസവും | റൂം നമ്പർ | കുടിശ്ശിക ബാക്കി |
|---|---|---|---|
| 1 | യൂനുസ് നാക്കടിയൻ | സ്റ്റാൾ-1,മൽസ്യമാർക്കറ്റ് | വാടക4510+സർവ്വീസ് ടാക്സ് (18%)812*1= 5322 |
| 2 | അഷ്റഫ് | സ്റ്റാൾ -3, മൽസ്യമാർക്കറ്റ് | വാടക എത്രയെന്ന് വ്യക്തമല്ല.വാടക പിരിച്ചിട്ടുമില്ല |
| 3 | സെയ്ത് മുഹമ്മദ് | സ്റ്റാൾ -12, മൽസ്യമാർക്കറ്റ് | വാടക859+സർവ്വീസ് ടാക്സ് (18%)155*12= 12,168 |
| 4 | അബ്ദുറഹിമാൻകുട്ടി | സ്റ്റാൾ -13, മൽസ്യമാർക്കറ്റ് | വാടക എത്രയെന്ന് വ്യക്തമല്ല.വാടക പിരിച്ചിട്ടുമില്ല |
| 5 | നബീൽ ഹാജിയാരകത്ത് | സ്റ്റാൾ -33, മൽസ്യമാർക്കറ്റ് | വാടക3250+സർവ്വീസ് ടാക്സ് (18%)585*12= 46020 |

| | അരിയല്ലൂർ പി ഒ | | |
|---|---|---|---|

മൽസ്യമാർക്കറ്റിലെ നമ്പർ 14 മുതൽ 30 വരെയുള്ള സ്റ്റാളുകൾ 2017-18 വർഷത്തിൽ ലേലം ചെയ്യുവാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 33/18.03.19 )മറുപടിയിൽ കെട്ടിടം അപകടാവസ്ഥയിലായതിനാൽ പുതുക്കി പണിയേണ്ടുന്നത് മൂലവും, പുതിയ ബ്ലോക്ക് പണിയുന്നതിന് തീരദേശ വികസന കോർപ്പറേഷന് അനുമതി നൽകുന്നതിന് കൗൺസിൽ തീരുമാനിച്ചതിൽ പ്രകാരവുമാണ് ലേലം ചെയ്യാതിരുന്നതെന്ന് വ്യക്തമാക്കി.

മൽസ്യ മാർക്കറ്റിൽ ഒഴികെ, നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളിലെ വാടകകാരിൽ നിന്നും 2017-18 വർഷത്തിലെ വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിയ്ക്കുന്നുണ്ട്.തുക പലിശ സഹിതം ഈടാക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമനം. | വാടകക്കാരന്റെ പേരും വിലാസവും | റൂം നമ്പർ | കുടിശ്ശിക ബാക്കി |
|---|---|---|---|
| 1 | അൻവർ പള്ളിച്ചന്റെ പുരയ്ക്കൽ | റൂംനം. 5/930(1A) | വാടക 1882+സർവ്വീസ് ടാക്സ് (18%)339*12= 26652 |
| 2 | അരുൺ s/o അയ്യപ്പൻ | റൂംനം. 5/930(6) | വാടക4651+സർവ്വീസ് ടാക്സ് (18%)837*12= 65856 |
| 3 | അൻവർ പള്ളിച്ചന്റെ പുരയ്ക്കൽ | റൂംനം. 5/930(9) | വാടക2375+സർവ്വീസ് ടാക്സ് (18%)428*12= 33636 |
| 4 | പി വി അബ്ദുൾഖാദർ പാലത്തിങ്ങൾ പീടിയക്കൽ | റൂംനം. 5/930(23) | വാടക1710+സർവ്വീസ് ടാക്സ് (18%)308*12= 24216 |
| 5 | കുടുംബശ്രീ ,സി ഡി എസ് പരപ്പനങ്ങാടി | റൂംനം. 5/930(23) | വാടക1500+സർവ്വീസ് ടാക്സ് (18%)270*12= 21240 |
| 6 | അൻവർ പള്ളിച്ചന്റെ പുരയ്ക്കൽ | റൂംനം. 5/930(10A) | വാടക 1885+സർവ്വീസ് ടാക്സ് (18%)*12= 26,688 |

2)<u>ബൈലോ തയ്യാറാക്കിയിട്ടില്ല.</u>

നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്നത് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215 കേരള മുനിസിപ്പാലിറ്റി വസ്തു ആർജ്ജിയ്ക്കലും കൈയൊഴിയലും ചട്ടങ്ങൾ പ്രകാരവും ,കൗൺസിൽ അംഗീകരിച്ച് വകുപ്പ് 572 (1)(2) എന്നിവ പാലിച്ചു കൊണ്ട് തയ്യാറാക്കുന്ന ബൈലോ പ്രകാരവുമാണ്. അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 33/18.03.19 )മറുപടിയിൽ ഗ്രാമപഞ്ചായത്ത് കാലത്തെ ബൈലോയാണ് ലഭ്യമാക്കിയത്.ആയത് മൽസ്യമാർക്കറ്റിന് മാത്രമായി തയ്യാറാക്കിയതാണ്. അപാകത പരിഹരിയ്ക്കേണ്ടതാണ്.

3) <u>കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.</u>

2017-18 വർഷത്തിൽ വാർഷിക കണക്ക് പ്രകാരം 7,97,408 രൂപ വാടക കുടിശ്ശിക ഇനത്തിൽ ഈടാക്കുവാൻ അവശേഷിയ്ക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് . വിവരം രേഖപ്പെടുത്തിയ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 വെള്ളക്കരം അടവ് - ഫൈൻ അടവാക്കിയത് വഴി 65910 രൂപ നഷ്ടം

2013 ഒക്ടോബർ മുതൽ നഗരസഭ 330 പൊതുടാപ്പുകളുടെ വെള്ളക്കരം ജല അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. 2017-18 ൽ പ്രതിമാസം 2,16,810 രൂപ നിരക്കിൽ ജൂലായ് വരെ കുടിശ്ശിക വരുത്താതെ വെള്ളക്കരം അടവാക്കി. എന്നാൽ ഓഗസ്റ്റ് മുതൽ ഡിസമ്പർ ഉൾപ്പെടെയുള്ള 5 മാസങ്ങളിലെ കരം കുടിശ്ശിക വരുത്തി ജനുവരിയിലെ കരത്തോടൊപ്പമാണ് അടച്ചത്. കുടിശ്ശിക വരുത്തിയത് വഴി നഗരസഭ 65,910 രൂപ പിഴയായി ജല അതോറിറ്റിക്ക് നൽകേണ്ടിവന്നിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| 2017 ഓഗസ്റ്റ് മുതൽ 2018 ജനുവരി വരെ 2,16,810 രൂപ നിരക്കിൽ നൽകേണ്ടത് | 13,00,860 |
| ജല അതോറിറ്റിയുടെ ഡിമാന്റ് പ്രകാരം നൽകിയത്<br>(വൗച്ചർ നമ്പർ 21700948/29.1.18) | 13,66,770 |
| അധികം നൽകിയത്. | 65,910 |

മുനിസിപ്പൽ തനത് ഫണ്ടിൽ മതിയായ തുക ബാലൻസ് ഉണ്ടായിട്ടും ബാധ്യതകൾ സമയത്ത് കൊടുത്ത് തീർക്കാത്തത് വഴി നഗരസഭയ്ക്ക് വന്ന നഷ്ടം ഈടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഓഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള ഓരോ മാസങ്ങളിലെയും ഡിമാന്റ് നോട്ടീസ് ലഭ്യമല്ല. എല്ലാ മാസങ്ങളിലും കേരള വാട്ടർ അതോറിറ്റി യഥാസമയം ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തി ഫൈൻ അടവാക്കുന്നതിന് കാരണക്കാരായ ഉത്തരവാദികളെ കണ്ടെത്തി മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം ഇൗടാക്കേണ്ടതാണ്.

## 3-2 മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളവും,പെൻഷൻ അംശദാനവും തനത് ഫണ്ടിൽ നിന്നും ട്രഷറിയിലേക്ക് ക്രമീകരിച്ചില്ല.

1994ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിമാർ സർക്കാർ ട്രഷറിയിൽ നിന്നും കൈപ്പറ്റുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും തിരിച്ച് സർക്കാർ ട്രഷറിയിൽ തന്നെ തിരികെ അടവാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഓരോ മാസവും ഇപ്രകാരം സംസ്ഥാന ഫണ്ടിലേക്ക് അടവാക്കണമെന്നാണ് ആക്ടിലെ വ്യവസ്ഥ. എന്നാൽ മുനിസിപ്പാലിറ്റി ഇപ്രകാരം തുക ക്രമീകരിച്ചതായി കാണുന്നില്ല. 2017-18 വർഷത്തിൽ,ശമ്പളം/മറ്റു ആനുകൂല്യങ്ങൾ ഇനത്തിൽ നഗരസഭാ സെക്രട്ടറി കൈപ്പറ്റിയ തുകയുടെ കണക്കുകൾ ലഭ്യമല്ല.. മുൻ വർഷങ്ങളിലുൾപ്പടെ ഇപ്രകാരം കൈപ്പറ്റിയിട്ടുള്ള തുക കണക്കാക്കി സർക്കാർ ട്രഷറിയിലേക്ക് ക്രമീകരിക്കേണ്ടതാണ്.

## 3-3 ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നില്ല.

കേരള പബ്ലിക് ലൈബ്രറീസ് ആക്ട് 1989 – ലെ വ്യവസ്ഥകൾ പ്രകാരം വസ്തുനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് രണ്ടു ഗഡുക്കളായി ഏപ്രിൽ 30 , നവമ്പർ 30 എന്നീ തിസയ്യതികൾക്ക് മുമ്പായി ലൈബ്രറി കൗണ്സിലിൽ അടക്കേണ്ടതാണ്. യഥാസമയം അടവാക്കാതിരുന്നാൽ കാലതാമസത്തിനുള്ള പലിശ സെക്രട്ടറിയുടെ ബാധ്യതയാകുന്നതുമാണ്. നഗരസഭ വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നില്ല. . 2017-18 എ.എഫ്.എസ് പ്രകാരം 1587577.8 രൂപ ലൈബ്രറി സെസ് ബാധ്യതയുണ്ട്. ഇതിൽ 1178511.8 രൂപ മുൻ വർഷങ്ങളിലെ ബാധ്യതയാണ്.

ലൈബ്രറി സെസ് യഥാസമയം അടവാക്കാതിരുന്നതിനു കാരണം ലഭ്യമാക്കേണ്ടതാണ്.

# 3-4 ലൈബ്രറികളിലെ പത്രവിതരണചെലവുകൾ മുനിസിപ്പാലിറ്റി കണ്ടിജൻറ് ചെലവുകളിൽ ഉൾപ്പെടുത്തി നൽകുന്നു..

മുനിസിപ്പാലിറ്റി പരിധിയിലെ ലൈബ്രറികളിൽ ദിനപത്രങ്ങൾ വാങ്ങുന്നതിനുള്ള തുക പത്ര ഏജന്റുമാർക്ക് മുനിസിപ്പാലിറ്റി കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. 220809900 miscellaneous administration expenses എന്ന ശീർശകത്തിൽ ആണ് ചെലവ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വൗച്ചർ നമ്പർ 21701078/ 8.3.18 പ്രകാരം 2744 രൂപ ആലുങ്ങൽ തെരുവ് വായനശാലക്കും 21701079/8.3.18 പ്രകാരം 17840 രൂപ മുഹമ്മത് സ്മാരക വായനശാലക്കും നൽകിയത് ഉദാഹരണമാണ്. ഈ ലൈബ്രറികൾ മുനിസിപ്പാലിറ്റിയുടെ സ്വന്തം സ്ഥാപനമോ മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമോ ആണെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നും പ്രൊജക്റ്റ് തയ്യാറാക്കാതെ കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തി ഈ ചെലവുകൾ വഹിക്കുന്നതിനു മുനിസിപ്പാലിറ്റിക്ക് അധികാരം നൽകുന്ന നിയമവ്യവസ്ഥ ഏതാണെന്നു അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു നൽകിയ Audit Enquiry No. 37/18-3-19ക്ക് മറുപടി ലഭിച്ചിട്ടില്ല. ഇത്തരം ചെലവുകൾ മുനിസിപ്പാലിറ്റി കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തി നൽകുന്നതിനു വ്യവസ്ഥയില്ലാത്തതിനാൽ ആയത് അവസാനിപ്പിക്കേണ്ടതാണ്.

# 3-5 ഇ-ടോയ്‌ലറ്റ് - പ്രവർത്തനക്ഷമമല്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 118/2018 |
| വിനിയോഗിച്ച തുക | 4,00,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 04/2017-18 തി: 23.02.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

2017-18 സാമ്പത്തിക വർഷത്തിൽ പരപ്പനങ്ങാടി നഗരസഭയിലെ ബസ് സ്റ്റാന്റിൽ വനിതകൾക്ക് വേണ്ടി ഒരു ഇ-ടോയ്‌ലറ്റ് 4,00,000/- രൂപ ചെലവിൽ സ്ഥാപിച്ചിട്ടുണ്ട്. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഷൊർണ്ണൂർ, പാലക്കാട് എന്ന സ്ഥാപനത്തിനായിരുന്നു നിർമ്മാണ ചുമതല.

04.12.2017 ന് സ്ഥാപിച്ച ഇ-ടോയ്‌ലറ്റിന്റെ സൗജന്യ പരിപാലനം 03.06.2018 ന് അവസാനിച്ചിരിക്കുകയാണെന്നും തുടർപരിപാലനം ഉറപ്പ് വരുത്തുന്നതിനായി 2018-19 കാലയളവിലേക്കായി 68,544/- രൂപ (ജി.എസ്.ടി ഉൾപ്പെടെ) അനുവദിച്ച് മുനിസിപ്പാലിറ്റി ഇറാം സയന്റിഫിക് സൊല്യൂഷൻ, തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് കൊണ്ടുള്ള 07.06.2018 തിയ്യതിയിലെ കത്ത് കൗൺസിലിന്റെ തീരുമാനത്തിനായി സമർപ്പിക്കുകയും, കൗൺസിൽ വാർഷിക പരിപാലന കരാർ തൽക്കാലം നൽകേണ്ടതില്ലെന്നും നിലവിൽ ബസ് സ്റ്റാന്റിലെ പൊതുടോയ്‌ലറ്റ് കരാറെടുത്ത വ്യക്തിക്ക് ചുമതല നൽകുന്നതിനും തീരുമാനിക്കുകയാണ് ചെയ്തിട്ടുള്ളത് (28.06.2018 ലെ IV(9)-ാം നമ്പർ തീരുമാനം). എന്നാൽ ഇപ്രകാരം ചുമതല ഏൽപ്പിച്ചതിന്റെ യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം നടത്തിപ്പ് ചുമതല നൽകുമ്പോൾ സ്വീകരിക്കേണ്ട വ്യവസ്ഥകളും കൗൺസിൽ തീരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് പരിശോധനയിൽ ഇ-ടോയ്‌ലറ്റ് പ്രവർത്തനരഹിതമായതായി കണ്ടെത്തി. നിലവിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകം ശൗചാലയങ്ങൾ നിലവിലുള്ള ബസ് സ്റ്റാന്റിൽ തന്നെ വീണ്ടും ഇ-ടോയ്‌ലറ്റ് സ്ഥാപിച്ചതിന്റെ കാരണം വ്യക്തമല്ല. നിലവിൽ ടോയ്‌ലറ്റ് സൗകര്യം ലഭ്യമല്ലാത്ത നഗരസഭയുടെ മറ്റ് സ്ഥലങ്ങളിൽ സ്ഥാപിക്കുകയായിരുന്നുവെങ്കിൽ പൊതുജനങ്ങൾക്ക് ഇത് കൂടുതൽ

ഉപകാരപ്രദമാകമായിരുന്നു. ഇ-ടോയ്‌ലറ്റിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് തുടർന്നും ലഭ്യമാകണമെങ്കിൽ അവയുടെ തുടർപരിപാലനം അത്യന്താപേക്ഷിതമാണ്. ഇലക്ട്രോണിക് സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഇ-ടോയ്‌ലറ്റിന്റെ തുടർപരിപാലനത്തിന് ആവശ്യമായ തുടർപരിപാലന കരാർ തൽക്കാലം നൽകേണ്ടതില്ലെന്ന കൗൺസിൽ തീരുമാനം മൂലം 4,00,000/- രൂപയുടെ പദ്ധതി പാഴ്ചെലവായി മാറുകയാണ് ചെയ്തിട്ടുള്ളത്. 2018 ഡിസംബർ ആദ്യവാരം മുതൽ പ്രവർത്തന രഹിതമായ ഇ-ടോയ്‌ലറ്റിന്റെ തകരാറുകൾ പരിഹരിച്ച് ഇ-ടോയ്‌ലറ്റിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനോ തുടർപരിപാലന കരാറിൽ ഏർപ്പെടുന്നതിനോ യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ ഇ-ടോയ്‌ലറ്റ് സ്റ്റോക്കിൽ എടുത്ത് നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ : 06/15.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട പൊതു ശുചിത്വ സംവിധാനങ്ങൾ ലഭ്യമാക്കുക എന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രധാന വികസന പദ്ധതികളിൽ ഒന്നാണ്. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 17.09.2014 തിയ്യതിയിലെ സ.ഉ(സാധാ) നം.2411/2014/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള പൊതുസ്ഥലങ്ങളിലും ബസ് സ്റ്റാന്റിലും ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ സംരക്ഷിക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ശുചിമുറികൾ സ്ഥാപിക്കുക എന്നത് മാത്രമല്ല അവ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാവുന്നുണ്ടോ എന്ന വിലയിരുത്തലും അത്യാവശ്യമാണ്. ആയതിനാൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം ഇ-ടോയ്‌ലറ്റിന്റെ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 റോഡ്-കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ചത് കാരണം അധികച്ചെലവ്.

ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് 20 എം.എം മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിന്, പ്ലിൻത് ലെവൽ വരെ, 4.1.3 സ്പെസിഫിക്കേഷനാണ് അനുവദനീയമായിട്ടുള്ളത്. കെട്ടിടങ്ങളുടെ തറ കോൺക്രീറ്റ് ചെയ്യുമ്പോൾ ചെയ്യുന്നതുപോലെ ഫ്ലോറിൽ കോൺക്രീറ്റ് ലെവൽ ചെയ്ത് പരത്തി അടിച്ചമർത്തി വൃത്തിയായി വിരിക്കേണ്ടതിന്റെ ആവശ്യകത റോഡ് കോൺക്രീറ്റ് ചെയ്യുമ്പോൾ ഇല്ലാത്തതിനാൽ, 20 എം.എം മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ റോഡ്/ഫുട്പാത്ത്/ഡ്രൈനേജ് കോൺക്രീറ്റ് ചെയ്യുന്നതിനും 4.1.3 സ്പെസിഫിക്കേഷൻ തന്നെയാണ് അനുവദനീയം. എന്നാൽ ഇതിന് വിരുദ്ധമായി താഴെപ്പറയുന്ന പ്രൊജക്ടിൽ 4.1.3ന് പകരം ഫ്ലോറിംഗിന് അനുവദനീയമായിട്ടുള്ള 11.7 സ്പെസിഫിക്കേഷൻ അനുവദിച്ചിട്ടുണ്ട്. 2017-18 വർഷം നിർവ്വഹണം നടത്തിയ മറ്റ് കോൺക്രീറ്റ് റോഡ് പ്രവൃത്തികളിലെല്ലാം 4.1.3 സ്പെസിഫിക്കേഷൻ തന്നെയാണ് അനുവദിച്ചിട്ടുള്ളത്. തെറ്റായി സ്പെസിഫിക്കേഷനനുസരിച്ച് പ്രവൃത്തി ചെയ്തതിനാൽ താഴെ പറയും പ്രകാരം കരാറുകാരന് അധികം തുക നൽകാനിടയായിട്ടുണ്ട്.

| പ്രൊജക്ടിന്റെ വിവരം | 11.7 സ്പെസിഫിക്കേഷൻ അനുസരിച്ച് നിർവ്വഹിച്ച പ്രവൃത്തി (എം3),<br>അനുവദിച്ച പ്രതിഫലം(രൂപ) (DSR2014-COl.1.3048) | 4.1.3 സ്പസിഫിക്കേഷൻ അനുസരിച്ച് അനുവദിക്കാവുന്ന പ്രതിഫലം | അധികം നൽകിയ തുക |
|---|---|---|---|
| 17/17-18<br>കോലോംതൊടി റോഡ് കോൺക്രീറ്റ്<br>ചെലവ്:ബിൽ നം,13/31.8.17 | <u>ഇനം.3</u><br>17.27m3x7843.45=135456.38 | 17.27m3x7444.55=128567.37 | 6889 |

| | | | | |
|---|---|---|---|---|
| | -203700<br><br>അളവു പുസ്തകം-67/16-17<br><br>കരാറുകാരൻ-പി.സാജിദ് | | | |

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.06/15.03.19)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികം നൽകിയ തുക ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 3-7 മാർഗ്ഗരേഖക്ക് വിരുദ്ധമായി ലാപ് ടോപ്പ് വിതരണം ചെയ്തു

2017-18 വർഷത്തേക്ക് ബാധകമായ 03-04-201-ലെ സ.ഉ(എം.എസ്) 80/17/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം, ബിരുദാനന്തര ബിരുദം)എന്നീ കോഴ്സകൾക്ക് സർക്കാർ,എയ്ഡഡ്,സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000 രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ് ടോപ്പ് / കമ്പ്യൂട്ടറുകൾ ഗ്രാമ/നഗര /ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്.

2017-18 -ൽ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (പ്രോജക്റ്റ് നമ്പർ-196/18) എന്ന പ്രോജക്ടിന്റെ ഭാഗമായി 26-03-18 -ലെ 8/17-18 നമ്പർ ബിൽ പ്രകാരം വികസന ഫണ്ട്(എസ്.സി.പി-യിൽ നിന്നും 4,45,500/- രൂപ പിൻവലിച്ച് 29,700/- രൂപ വീതം വിലയുള്ള 15ലാപ് ടോപ്പുകൾ വാങ്ങി എസ്.സി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ചെലവ് രേഖകൾ പരിശോധിച്ചതിൽ കുമാരി. ഹരിത.എം.ടി, മണ്ണാറക്കൽ തെക്കേപുരക്കൽ എന്ന വിദ്യാർത്ഥിനി ഹാജരാക്കിയ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിൽ ടിയാരി കോട്ടക്കൽ ഗവഃ വനിത പോളിടെക്നിക്കിന് കീഴിൽ നടത്തുന്ന കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ത്രൂ പോളിടെക്നിക്ക് എന്ന സ്കീമിൽ ടാലി കോഴ്സ് ആണ് പഠിച്ചതെന്ന് കാണുന്നു. മാത്രമല്ല, 01-11-17 മുതൽ 31-01-18 വരെ കേവലം 3 മാസമായിരുന്ന ഈ കോഴ്സിന്റെ ദൈർഘ്യം. മൂന്ന് മാസത്തെ കോഴ്സ് അവസാനിച്ചതിന് ശേഷം 3/18 ലാണ് ടിയാരിക്ക് ലാപ് ടോപ്പ് നൽകിയിട്ടുള്ളത്.

മേൽ ഉത്തരവിൽ സർട്ടിഫിക്കറ്റ് കോഴ്സകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകാൻ അനുമതിയില്ലാത്തതിനാൽ മാർഗ്ഗരേഖക്ക് വിരുദ്ധമായി ലാപ് ടോപ്പ് നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് 16-03-2019 -ന് നൽകിയ 22 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മാർഗ്ഗരേഖക്ക് വിരുദ്ധമായി നൽകിയ ലാപ് ടോപ്പിന്റെ വില 29,700/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഹെഡ്മിസ്ട്രസ്സിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-8 ലൈബ്രറിയുടെ വാടകചെലവ് മുനിസിപ്പാലിറ്റി വഹിക്കുന്നത് ക്രമപ്രകാരമല്ല.

വൗച്ചർ നമ്പർ 21701018/8.2.18 പ്രകാരം വടക്കെപുറം - ഉള്ളണം ലൈബ്രറി കെട്ടിടത്തിന്റെ 2017 ജനവരി മുതൽ ഡിസംബർ വരെയുള്ള വാടക 8400 രൂപ റുഖിയ മൈമൂന എന്നയാൾക്ക് നൽകിയിട്ടുണ്ട്. ഈ ലൈബ്രറി മുനിസിപ്പാലിറ്റിയുടെ സ്വന്തം സ്ഥാപനമോ മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമോ ആണെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 38/18.3.2019) ക്ക് മറുപടി നൽകിയിട്ടില്ല. വിശദാംശം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം ചെലവ് തുക തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

# 3-9 പട്ടികജാതി വിഭാഗക്കാർക്ക് വീട് വെക്കാൻ ഭൂമി

# വാങ്ങിയത്- മുഴുവൻ രേഖകളും ഹാജരാക്കിയില്ല

പട്ടികജാതിക്കാർക്ക് വീട് വെക്കാൻ ഭൂമി വാങ്ങുന്നതിനായിതയ്യാറാക്കിയ പ്രോജക്റ്റ് നമ്പർ 116/18 -ന്റെ ഭാഗമായി 24-01-18 -ലെ 2 -ാം നമ്പർ ബിൽ പ്രകാരം 2 ഗുണഭോക്താക്കൾക്ക് 4,50,000 രൂപ വീതവും 21-03-18 -ലെ 6 -ാം നമ്പർ ബിൽ പ്രകാരം ഒരു ഗുണഭോക്താവിന് 4,00,000 രൂപയും ധന സഹായം നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1- ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2- ശ്രീ.സജീഷ്.പി, പെട്ടിക്കൽ (വീട്), കോട്ടാന്തല എന്ന ഗുണഭോക്താവിന്റെ പേരിലോ ഭാര്യയുടെ പേരിലോ ഭൂമി ഇല്ല എന്നും, കുടുംബ സ്വത്തിൽ നിന്നും അവകാശമായി വീട് വെക്കാൻ ഭൂമി കിട്ടാൻ സാധ്യതയില്ലെന്നുമുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3-ടിയാന് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആവശ്യത്തിന് മുമ്പ് ധനസഹായം കൈപ്പറ്റിയിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമല്ല.

മേൽ രേഖകൾ പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ട് 18-03-2019 -ന് നൽകിയ 35-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 13,00,000 രൂപ തടസ്സത്തിൽ വെക്കുന്നു.

# 3-10 റോഡ് കോൺക്രീറ്റ് പ്രവൃത്തി -ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചു.

2017-18 വർഷത്തിൽ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ,കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണം നടന്നിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും നടപ്പാതകളാണ്. ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം, ക്വാറിമക്ക് (GSB) നിർത്തിയതിനു മുകളിൽ സോളിംഗ് 7.5 സെ.മീ, മെറ്റലിംഗ് 7.5സെ.മീ, അതിനുമുകളിൽ ടാറിംഗ് 2.5 സെ.മീറ്ററും ചേർത്ത് ആകെ 17.5 സെ.മീ കനമാണ് റോഡിനുള്ളത്. ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്നതിന് വേണ്ടത്ര ഉറപ്പ് ഈ റോഡുകൾക്കുണ്ടെന്നിരിക്കേ, 10 സെ.മീ കനത്തിൽ ക്വാറിമക്ക് നിരത്തിയതിനു മുകളിൽ 1:4:8 അനുപാതത്തിൽ 40 mm മെറ്റൽ ഉപയോഗിച്ച് 10 cm കനത്തിലും, 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 7.5cm കനത്തിലും ചെയ്തതായി കാണുന്നു. 1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് 10cm കനത്തിൽ ചെയ്തതിനു ശേഷം 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 5cm കനത്തിൽ ചെയ്താൽ തന്നെ ആവശ്യത്തിന് ഉറപ്പും, കട്ടിയും ലഭിക്കുന്നതാണ്. തികച്ചും ഗ്രാമീണറോഡുകൾ/നടപ്പാതകൾ ആയതിനാൽ ഭാരമേറിയവാഹനങ്ങൾ കടന്നു പോകാൻ സാധ്യത കുറവായതിനാൽ, മേൽപ്പറഞ്ഞ പ്രകാരം, കോൺക്രീറ്റ് ചെയ്തത് മുനിസിപ്പൽ ഫണ്ടിന് അധികച്ചെലവുണ്ടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ, തസ്വഭവ,ചീഫ് എഞ്ചിനീയർ, കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കയച്ച നം.ഡിബി4/9099/2015/സി.ഇ/തസ്വഭവ തീ.28.09.2015 കത്ത് പ്രകാരം നടപ്പാതകൾക്ക് 1:4.8cc 10സെ.മീ.കനത്തിലും.1:2.4cc 5സെ.മീ.കനത്തിലും ചെയ്യാവുന്നതാണെന്നും, വാഹനഗതാഗതം കൂടുതലുള്ള നടപ്പാതകൾക്ക് സബ് ഗ്രേഡിന്റെ ഉറപ്പു കൂടി പരിഗണിച്ച് 1:4.8cc 10 മുതൽ 15 സെ.മീ.വരെ കനത്തിലും, 1:2.4cc, 5സെ.മീ. മുതൽ 7.5 സെ.മീ.വരെ കനത്തിലും ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികളിലും 1:4:8cc, 10 cm കനത്തിലും, 1:2:4cc, 7.5cm കനത്തിലുമാണ് ചെയ്തിട്ടുള്ളത്. സബ് ഗ്രേഡിന്റെ ഉറപ്പ് കൂടുതൽ ആവശ്യമുള്ള/ കോൺക്രീറ്റ് ചെയ്യേണ്ട ആവശ്യകത സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലോ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിലോ ഇക്കാര്യം ചർച്ച ചെയ്യുകയോ, തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ, അനാവശ്യമായ സാമ്പത്തിക നഷ്ടം നഗരസഭയ്ക്ക് ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 3-11 സർവ്വീസ് ടാക്സ് അടവാക്കിയ രേഖയില്ല

താഴെപ്പറയുന്ന പ്രവൃത്തികളുടെബിൽ അനുവദിച്ചപ്പോൾ സർവ്വീസ് ടാക്സ് ആയി തുക മൂല്യ നിർണ്ണയത്തുകയ്ക്കൊപ്പം

അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ സർവ്വീസ് ടാക്സ് അടവാക്കിയ രേഖ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ വിശദവിവരം | ബിൽ നം/തുക | സരവ്വീസ് ടാക്സ് |
|---|---|---|
| പ്രൊജക്ട് നം.100/17-18 എടവണ്ണിത്തറ അംഗൻവാടി നിർമ്മാണം<br>കരാറുകാരൻ--ഉമ്മർ കോയ<br>അളവ് പുസ്തകം-39/09-10, 52/17-18 | ബിൽ നം.36/17-18/31.10.17—321847 (പാർട്ട് ബിൽ) | 25283 |
| പ്രൊജക്ട് നം.37/17-18 മീനേടം അംഗൻവാടി പൂർത്തീകരണം<br>കരാറുകാരൻ--പി.ഹംസ ഹാജി<br>അളവ് പുസ്തകം899/10-11, 43/16-17 | ബിൽ നം.34/17-18/25.10.17—430233 | 24353 |

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/18.03.19) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർവ്വീസ് ടാക്സ് കരാറുകാർ അടവാക്കാത്ത പക്ഷം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-12 പുതിയ തുറന്ന കിണർ നിർമ്മാണം - മുഴുവൻ രേഖകളും ഹാജരാക്കിയില്ല

പട്ടികജാതിക്കാർക്ക് പുതിയ കിണർ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റ് നമ്പർ 113/18 -ന്റെ ഭാഗമായി നിർവ്വഹണം നടത്തിയ സെക്രട്ടറി താഴെ പറയുന്നത് പ്രകാരം 11 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കൾ എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കാതെയാണ് ധന സഹായം കൈപ്പറ്റിയതെന്ന് കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | ശ്രീമതി.രമണി എരക്കുത്ത് ചാലിയിൽ | 7/17-18/21-03-18 | 12,000 |
| 2 | ശ്രീമതി.ശൈലജ പാലക്കടവത്ത് | -ടി- | 12,000 |
| 3 | ശ്രീമതി.സൗമിനി കോട്ടത്തറയിൽ | -ടി- | 12,000 |
| 4 | ശ്രീ.സരേഷ്ബാബു പാട്ടശ്ശേരി | -ടി- | 12,000 |
| 5 | ശ്രീമതി.ദേവയാനി പാട്ടശ്ശേരി | -ടി- | 12,000 |
| 6 | ശ്രീ. ചന്ദ്രൻ വലിയകണ്ടത്തിൽ | -ടി- | 12,000 |
| 7 | ശ്രീ.വേലായുധൻ പാലത്തിങ്ങൽ | -ടി- | 12,000 |
| 8 | ശ്രീമതി.മാധവി വലിയകണ്ടത്തിൽ | -ടി- | 12,000 |
| 9 | ശ്രീ.വേലായുധൻ ചെറുമണ്ണിൽ | -ടി- | 12,000 |
| 10 | ശ്രീ.അയ്യപ്പൻ തെഞ്ചേരി | -ടി- | 12,000 |
| 11 | ശ്രീ.വാസു പുത്തരിക്കൽ | 10/17-18/28-03-18 | 12,000 |
| **ആകെ** | | | **1,32,000** |

മേൽ അപാകതക്ക് വിശദീകരണം നൽകാനും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാനുമാവശ്യപ്പെട്ട് 18-03-2019 – ന് നൽകിയ 36 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ

ചെയ്തിട്ടില്ല.ആയതിനാൽ 1,32,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-13 എസ്റ്റിമേറ്റിലും, അളവു പുസ്തകത്തിലും രേഖപ്പെടുത്തിയതിനു വിരുദ്ധമായി കനം കുറഞ്ഞ അലുമിനിയം ഷീറ്റ് മേഞ്ഞു--കരാറുകാരന് അധികം തുക അനുവദിച്ചു.

നഗരസഭ 17-18 ൽ നിർവ്വഹണം നടത്തിയ ചില കെട്ടിട നിർമ്മാണങ്ങളിൽ റൂഫിംഗ് ചെയ്യതിന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിന് വിരുദ്ധമായി കനം കുറഞ്ഞ അലുമിനിയം ഷീറ്റ് മേഞ്ഞതു വഴി കരാറുകാരന് അധികം തുക നൽകാനിടയായിട്ടുണ്ട്. 16.03.2019 ന് നടത്തിയ സൈറ്റ് പരിശോധനയിലാണ് ഇക്കാര്യം സ്ഥിരീകരിച്ചിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ വിശദവിവരം | അളവു പുസ്തകം പ്രകാരം തുക നൽകിയതിന്റെ വിവരം | യഥാർത്ഥത്തിലുള്ള കനം/റിമാർക്സ് |
|---|---|---|
| പ്രൊജക്ട് നം.78/17-18-മൊല്ല ബസാർ അങ്കണവാടി അറ്റകുറ്റപ്പണികൾ<br>കരാറുകാരൻ-നിസാർ അഹമ്മദ്<br>അളവു പുസ്തകം-101/17-18<br>ബിൽ നം.11/31.08.18-145049 | Item No.3-providing &Fixing GI pre coated Iron Profile Sheet with 0.50mm thick<br>34.20m2x@847.10=28970,82 | 0.35mm thick |
| പ്രൊജക്ട് നം.189/17-18-പൂവ്വത്തൻകുന്ന് സബ്സെന്റർ അറ്റകുറ്റപ്പണികൾ<br>കരാറുകാരൻ-ഉമ്മർകോയ<br>അളവു പുസ്തകം-105/17-18<br>ബിൽ നം.62/21.03.18-397819 | Item No.7-providing &Fixing GI pre coated Iron Profile Sheet with 0.50mm thick<br>208.76m2x@678=141539.28 | ഷീറ്റിന്റെ കനം വ്യക്തമല്ല. ഗുണനിലവാരം കുറഞ്ഞ ഷീറ്റാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. |

ക്രമ നം.1 ന് അധികം നൽകിയ തുക കണക്കാക്കി കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ക്രമ നം.2-ഷീറ്റിന്റെ കനവും ഗുണനിലവാരവും പരിശോധിച്ച് സ്ഥിരീകരണം നടത്തി തുക അധികം നൽകാനിടയായിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.31/18.03.19) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-14 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ

**റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല**

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

**കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ മുഴുവൻ ഘടകങ്ങളും ഉൾപ്പെടുത്തുന്നില്ല**

കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണം, അനുബന്ധ സൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ട് തയ്യാറാക്കണമെന്ന് ജി.ഒ.(എം.എസ്) നം.72/2017 തസ്വഭവ തീ.29.03.2017-പദ്ധതിമാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് പാലിക്കപ്പെടുന്നില്ല. കെട്ടിടത്തിന്റെ സ്ട്രക്ചറിനും, അനുബന്ധ പ്രവൃത്തികൾക്കും പ്രത്യേകം പ്രൊജക്ടുകൾ തയ്യാറാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്.

# 3-15 ലൈഫ് പദ്ധതി (വീട് വാസയോഗ്യമാക്കൽ) - പ്രവൃർത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് .

പ്രോജക്റ്റ് നം.143/18

ലൈഫ് പദ്ധതി -വീട് വാസയോഗ്യമാക്കൽ

വിനിയോഗിച്ച തുക – 15,00,000 രൂപ(പ്ലാൻ )

ബിൽ നം. - 9/17-18/27.03.18

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ ( യു പി എ സി )

വാസയോഗ്യമായ വീടില്ലാത്ത 28 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കലിനായി 1,00,000 രൂപ വീതം അനുവദിയക്കലാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. രണ്ട് ഗുണഭോക്താക്കൾക്ക് 1,00,000 രൂപയും, ശേഷിച്ച 26ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതവും നൽകുകയാണ് 2017-18 വർഷത്തിൽ ചെയ്തിട്ടുള്ളത്. പ്രസ്തുത തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു 50,000 രൂപ കൈപ്പറ്റി നാളിതുവരെയും പ്രവൃർത്തി പൂർത്തീകരിച്ചിട്ടില്ല.

1) നാരായണി എൻ ,നമ്പിടി വീട്, നെടുവ ,ചെട്ടിപ്പടി

2 )ആയിഷബീവി ,പാന്താറിന്റെ കത്ത് (വീട് ),ഉള്ളണം പി ഒ

3) ഉമ്മാച്ചുകുട്ടി ,പറമ്പിൽ,ആലുങ്ങൾ ബീച്ച്

4 )ജമീല ,നാരാംപറമ്പത്ത്,കോവിലകം വീട്,ചുടലപറമ്പ് ,നെടുവ

5) നഫീസു എൻ,നരിക്കോടൻ , കുരിക്കൾറോഡ്

6)യൂനുസ് ,ഈച്ചരൻ,പുത്തൻകടപ്പുറം

7)പാത്തുകുട്ടി,കളത്തിങ്ങൾ,ചെട്ടിപ്പടി

8)കുഞ്ഞിമുഹമ്മദ് ,വലിയപീടിയക്കൽ,കൊട്ടന്തല

9)ആലി എലിയാട്ടിൽ ,കൊട്ടന്തല,ഉള്ളണം പി ഒ

10)റസിയബി ,പള്ളിപ്പുറത്ത് ,ചെട്ടിപ്പടി

11)അഹമ്മദ് പി പി ,പടിഞ്ഞാറെപീടിയക്കൽ ,ഉള്ളണം പി ഒ

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/15.03.2019 )പ്രവൃത്തി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭിച്ചു. ആയത് ലഭ്യമാക്കുന്നതു മേൽ ഗുണഭോക്താക്കൾക്ക് നൽകിയ 5,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാത്തപക്ഷം നൽകിയ തുക പലിശസഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 കെ യു ആർ ഡി എഫ് സി ലോൺ - വിവരങ്ങൾ ലഭ്യമാക്കിയില്ല.

സ ഉ (എം എസ് )നം. 83/2013/തസ്വഭവ തി. 11.03.2013 ലെ ഉത്തരവ് പ്രകാരം ഐ എ വൈ ഭവനപദ്ധതി ഒഴികെ മറ്റു ഭവനപദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാറിന്റെ മുൻകൂർ അനുമതിയോടുകൂടി ഭവനപദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും,തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നം.80284/ഡി ബി 1/13/തസ്വഭവ തി. 01.02.14 ലെ ഉത്തരവ് പ്രകാരം പരപ്പനങ്ങാടി നഗരസഭയ്ക്ക് 'തണൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് 'ലോൺ എടുക്കുവാൻ സർക്കാർ അനുമതി നൽകുകയും നൽകുകയും കെ യു ആർ ഡി എഫ് സിയിൽ നിന്നും 1,35,00,000 രൂപ തദ്ദേശ ഭരണ സ്ഥാപനത്തിന് ലോൺ ലഭിയ്ക്കുവാൻ അർഹത നേടിയിരുന്നു. (നം.KRDFC/GP/315/2013 തി. 07.03.2014). എന്നാൽ ആയതിൽ എത്രതുക നഗരസഭ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും , 2017-18 വർഷത്തിൽ മുതൽ ,പലിശ ഇനത്തിൽ എത്രതുക അടവാക്കിയിട്ടുണ്ടെന്നും, നാളിതു വരെ തിരിച്ചടച്ച തുകയുടെയും ഇനിയും തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുകയുടെയും വിവരം (ലോൺ രജിസ്റ്റർ ) ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.14 /15.03.2019 )യിലൂടെ ആവശ്യപ്പെട്ടിരുന്നതാണങ്കിലും,വിവരം ലഭ്യമാക്കിയില്ല.മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ നഗരസഭയിൽ നിലവിൽ ലഭ്യമായ ലോണിന്റെ കണക്കുകളുടെ ആധികാരികത ഓഡിറ്റിന് ബോധ്യമായിട്ടില്ല.സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ വിവരങ്ങളാണ് ഖണ്ഡിക 4-4ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-17 സാക്ഷരത തുല്യത പദ്ധതി - പ്രോജക്റ്റിലെ അപാകതകൾ

03-04-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്) 80/2017/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ 4,7,10,12 ക്ലാസ്സുകളിലേക്കുള്ള തുല്യതാ പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് എന്നിവ നൽകുന്നതിനുള്ള പ്രോജക്റ്റും തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് സഹായകമായ മറ്റ് ആവശ്യങ്ങൾക്കും വികസന ഫണ്ടിൽ നിന്നും വകയിരുത്തി പ്രോജക്റ്റ് വെക്കാവുന്നതാണ്.

2017-18 -ൽ വികസന ഫണ്ടിൽ നിന്നും 1,00,000/- രൂപയും തനത് ഫണ്ടിൽ നിന്നും 50,000 രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 37,500/- രൂപയുമുൾപ്പെടെ ആകെ 1,87,500/-രൂപ വകയിരുത്തി സാക്ഷരത തുല്യത പദ്ധതി എന്ന പേരിൽ പ്രോജക്റ്റ് (നമ്പർ - 134/18) തയ്യാറാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1-ഈ പ്രോജക്റ്റിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം, ഗുണഭോക്തൃ വിഹിതം, ഒരു ഗുണഭോക്താവിന് വേണ്ടി അടക്കേണ്ടതായി വരുന്ന ആകെ ഫീസ് എന്നിവയൊന്നും പ്രോജക്റ്റ് ഫോറത്തിൽ കാണിച്ചിട്ടില്ല.

2- 26-03-18 -ലെ 11/17-18 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും 1,00,000 രൂപ പിൻവലിച്ച് സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും തുകയുടെ കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല.

3- 109 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ 400/- രൂപ വീതം ആകെ 43,600/- രൂപ പിരിച്ചെടുത്ത് 23-03-18 -ലെ 017117020108613 നമ്പർ രസീത് പ്രകാരം മുനിസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുണ്ടെങ്കിലും മേൽ തുക സാക്ഷരതാ മിഷന് കൈമാറിയിട്ടില്ല. പ്രോജക്റ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തുകയാണെങ്കിൽ, കോഴ്സ് ഫീ ഇനത്തിൽ 1750 രൂപ വീതം 107 ഗുണഭോക്താക്കൾക്ക് അടക്കേണ്ട തുക 1,87,250/- രൂപയാണ്. (400 x 107) ഇതിൽ 42,800/- രൂപയാണ് ഗുണഭോക്തൃ വിഹിതമായി ഉൾപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ പ്രോജക്റ്റിൽ ഗുണഭോക്തൃ വിഹിതമായി വകയിരുത്തിയിട്ടുള്ളത് 37,500 രൂപ മാത്രമാണ്. 800/- രൂപ അധികമായി പിരിച്ചെടുത്തിരിക്കുന്നു.(43600-42800 = 800)

4- 1,87,250/- രൂപയിൽ ഗുണഭോക്തൃ വിഹിതം 42,800/- രൂപ കിഴിച്ചാൽ അവശേഷിക്കുന്ന 1,44,450/- രൂപയിൽ 1,00,000/- രൂപ വികസന ഫണ്ടിൽ നിന്ന് അടവാക്കിയതിനാൽ 44,450/- രൂപയേ തനത് ഫണ്ടിൽ നിന്നും നൽകേണ്ടതുള്ളൂ. ഗുണഭോക്തൃ വിഹിതം, തനത് ഫണ്ട് വിഹിതം എന്നിവ സാക്ഷരത മിഷന് നൽകിയിട്ടില്ല.

5- ഗുണഭോക്താക്കളിൽ എത്ര പേർ തുല്യതാ പരീക്ഷ എഴുതി എന്നത് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 16-03-2019 -ന് നൽകിയ 28 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സ് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ആയത് വരെ സാക്ഷരതാമിഷന് കൈമാറിയ തുക 1,00,000/-തടസ്സത്തിൽ വെക്കുന്നു.

# 3-18 സെന്ററിങ് പ്രവൃത്തി അധിക നിരക്കിൽ തുക നൽകി

താഴെപ്പറയുന്ന പ്രവൃത്തികളുടെ ഡ്രൈനേജിന്റെ സൈഡ് വാൾ കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിങ് പ്രവൃത്തി ചെയ്തതിന് DSR 4.3.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് DSR 4.3.1 പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. സമാനമായ മറ്റു പ്രവൃത്തികളിലെല്ലാം 4.3.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരങ്ങൾ | അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| തേർകുളം ഡ്രൈനേജ് കം ഫൂട്ട്പാത്ത് (46/17-18)<br>ബിൽ 16/17-18/31.08.17 തുക 197400<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 23/17-18<br>കരാറുകാരൻ ശ്രീ. മുഹമ്മദ്. | 88m2 | @267.55/m2<br>=23544.40 | @491.37/$m^2$<br>=43240.56 | 19696.16 |
| കോടതി പനയത്തിൽകാട് റോഡ് ഡ്രൈനേജ് (212/17-18/)<br>ബിൽ 77/17-18/26.03.18 തുക 197015<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 40.2%<br>അളവ് പുസ്തകം-11417-18, 115/17-18<br>കരാറുകാരൻ ശ്രീ. ഉമ്മർകോയ | 21m2 | @271.92/m2<br>=5710.32 | @400/$m^2$<br>=8400 | 2689.68 |
| ചേരി ചെമ്മൽ ഫൂട്ട്പാത്ത് | 75.665m2 | @267.55/m2 | @491.37=37179.51 | 16935.51 |

| | | | | |
|---|---|---|---|---|
| കോൺക്രീറ്റ് (306/17-18)<br>ബിൽ 18/17-18/31.08.17 തുക 142800<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 111A/10-11<br>കരാറുകാരൻ ശ്രീ. മുഹമ്മദ്. | | =20244 | | |
| കല്ലുങ്ങൽ ഫൂട്ട്പാത്ത് (56/17-18)<br>ബിൽ 01/17-18/31.07.17 തുക 747768<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 107/16-17<br>കരാറുകാരൻ ശ്രീ. ഹാഫിസ് മുഹമ്മദ് ശുഹൈബ് | 54.746m2 | @267.55/m2=<br>14647 | @378.35=<br>20713.15 | 6066.15 |
| ആകെ | | | | 45387.50 |

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.07/15.03.19) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല തെറ്റായ സ്പെസിഫിക്കേഷനനുസരിച്ച് പ്രവൃത്തികൾക്ക് അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-19 പി എം എ വൈ പദ്ധതി - ഭവന നിർമ്മാണം ത്വരിതപ്പെടുത്തേണ്ടതാണ്.

പ്രോജക്റ്റ് ഓഫീസർ യു പി എ സി നിർവ്വഹണം നടത്തിയ പി എം എ വൈ പദ്ധതി 2017 -18 വർഷത്തിൽ നഗരസഭയിൽ താഴെ പറയുന്ന മൂന്ന് പ്രോജക്ടുകളിലായാണ് നടപ്പിലാക്കിയിട്ടുള്ളത് .

1)പ്രോജക്റ്റ് നം.140/18

പി എം എ വൈ പദ്ധതി അധിക തുക വകയിരുത്തൽ

വിനിയോഗിച്ച തുക – 24,50,000 രൂപ (പ്ലാൻ)

ബിൽ നം. 2/17-18/24.01.18

2) )പ്രോജക്റ്റ് നം.146/18

പി എം എ വൈ പദ്ധതി

വിനിയോഗിച്ച തുക – 17,50,000 രൂപ (തനത്ഫണ്ട് )

ചെക്ക് നം. 5468533/23.01.18

3)പ്രോജക്റ്റ് നം.173/18

പി എം എ വൈ പദ്ധതി (എസ് സി )

വിനിയോഗിച്ച തുക – 1,40,000 രൂപ (പ്ലാൻ -എസ് സി പി )

ബിൽ നം. 2/17-18/24.01.18

പദ്ധതിയ്ക്കായി ആകെ 711 പേരുടെ ഗുണഭോക്തൃപട്ടികയാണ് നഗരസഭ അംഗീകരിച്ചിട്ടുള്ളത്.ആയതിൽ മേൽ (1) പ്രോജക്റ്റ് പ്രകാരം 49 പേരും,മേൽ (2) പ്രോജക്റ്റ് പ്രകാരം 35 പേരും,മേൽ (3) പ്രോജക്റ്റ് പ്രകാരം 2 പേരും

ഉൾപ്പെടെ ആകെ 86 പേരാണ് 2018 മാർച്ച് അവസാനം വരെ എഗ്രിമെന്റ് വെച്ചിട്ടുള്ളത്.മേൽ ഗുണഭോക്താക്കളിൽ നിന്നും 5,000 രൂപ വീതം ഗുണഭോക്തൃ വിഹിതവും ഈടാക്കിയിട്ടുണ്ട്.

സംസ്ഥാന ദാരിദ്ര നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.02.18 ലെ 10741/ എൻ / 2016/ കെ എസ് എച്ച് ഒ ഉത്തരവ് പ്രകാരം 33,60,000 രൂപ സെൻട്രൽ ഷെയറും, 11,20,000 രൂപ സംസ്ഥാന വിഹിതമായും വർഷാവസാനം ലഭ്യമായിട്ടുണ്ട്. ആകെ 86 പേർ എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും 56 പേർക്കുള്ള പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗമാണ് മേൽ പ്രകാരം ലഭ്യമായിട്ടുള്ളത്.കാരണം വ്യക്തമല്ല.തുക തൻവർഷം വിനിയോഗിച്ചിട്ടുമില്ല.മേൽ (1),(2),(3) പദ്ധതികൾ പ്രകാരം വകയിരുത്തിയ43,40,000 രൂപയിൽ 35,40,000 രൂപ മാത്രമാണ് 2017-18 വർഷം വിനിയോഗിച്ചിട്ടുള്ളത് .വകയിരുത്തിയ തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല.

പി എം എ വൈ പദ്ധതി നിർവ്വഹണം സംബന്ധിച്ച സ ഉ(സാധാ)നം. 2803/2016/ തസ്വഭവ തി. 04.10.2016 നം. ഉത്തരവിൽ ഗുണഭോക്താക്കൾ പരമാവധി ഒരു വർഷത്തിനകം ഭവന നിർമ്മാണം പൂർത്തീകരിയ്ക്കണം എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണെങ്കിലും, ഓഡിറ്റ് തീയ്യതി വരെയും ഒരു ഭവനവും പൂർത്തീകരിച്ചിട്ടില്ല.മേൽ ഉത്തരവിൽ പ്രകാരം പദ്ധതി സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതിനായി ഒരു എക്സിക്യൂട്ടീവ് കമ്മറ്റി രൂപീകരിയ്ക്കേണ്ടതും (അർബ്ബൻ ഹൗസിംഗ് മിഷന്റെ 05.11.2015,09.11.2015 ലെ സർക്കുലർ പ്രകാരം ) പദ്ധതിയുടെ പുരോഗതി വിലയിരുത്തി, പരിഹാരമാർഗ്ഗങ്ങൾ വിലയിരുത്തി, വീഴ്ചകൾ പരിഹരിക്കേണ്ടതാണ്. ദൗർഭാഗ്യവശാൽ,നഗരസഭയിൽ അപ്രകാരമൊരു സംവിധാനമില്ല.അപാകതകൾ പരിഹരിയ്ക്കേണ്ടതും, മേൽ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതിൽ പ്രകാരം പദ്ധതിയുടെ നിർവ്വഹണത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തി പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-20 തണൽ ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

നഗരസഭയുടെ തണൽ ഭവനപദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ പ്രകാരം വിവിധ ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | അനിത w/o ബാബു ചക്കങ്ങൽ ,പുത്തരിയ്ക്കൽ പരപ്പനങ്ങാടി (പി ഒ) | i)50,000(ഡി ഡി നം.727993/04.04.16)<br>ii)25,000 (ചെക്ക്നം.5149544/31.08.16)<br>iii)65,000 (ചെക്ക്നം.928403/31.08.16)<br>iv)30,000 (BRM നം.1116744/6.03.18)<br>**ആകെ 170000** |
| 2 | സഹല സി എൻ w/o മുഹമ്മദ് റഋഫ്,ചാച്ചൻ വീട്ടിൽ,വടക്കേ വെള്ളാരി,ഉള്ളണം( പി ഒ) | i)50,000 (ഡി ഡി നം.727993/04.04.16)<br>ii)25,000 (ചെക്ക്നം.5149544/31.08.16)<br>iii)65,000 (ചെക്ക്നം.928403/31.08.16)<br>**ആകെ:140000** |

| | | |
|---|---|---|
| 3 | ആരിഫ എ w/o മുസ്തഫ അയ്യത്തൊടി നിരിച്ചിലങ്ങാടി, ഉള്ളണം( പി ഒ) | i)50,000 (ഡി ഡി നം.727993/04.04.16)<br>ii)25,000 (ചെക്ക്നം.5149544/31.08.16)<br>**ആകെ:75000/-** |
| 4 | സുബൈദ w/o ഗഫൂർ അമ്മാറമ്പത്ത്,പരപ്പനങ്ങാടി (പി ഒ) | i)50,000 (ചെക്ക്നം.928403/16.12.16)<br>ii)50,000 (ബിൽ നം.3/16-17/23.03.17<br>iii)60,000(BRM നം.08974/26.02.18)<br>**ആകെ:160000/-** |

മേൽ ഗുണഭോക്താക്കൾ അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാത്ത പക്ഷം നൽകിയ തുക കരാർ പ്രകാരം പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് .

## 3-21 പച്ചപ്പ് (പച്ചക്കറി കൃഷി) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 137/18 |
| പ്രൊജക്ടിന്റെ പേര് | പച്ചപ്പ് (പച്ചക്കറി കൃഷി) |
| വിനിയോഗിച്ച തുക | 1,43,840/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 04/2017-18 തിയ്യതി. 07.03.2018 – 1,41,040/-<br>08/2017-18 തിയ്യതി. 28.03.2018 – 2,800/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

നഗരസഭയിലെ അർഹരായ കൃഷിക്കാർക്ക് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് നല്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയുടെ ചെലവുകളുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). താഴെ പറയുന്ന രണ്ട് കർഷകരുടെ സബ്സിഡി അനുവദിച്ചിട്ടുള്ളതിന് ഹാജരാക്കിയിട്ടുള്ളത് ബ്ലാങ്ക് വൗച്ചറുകളാണ്. ഈ ബ്ലാങ്ക് വൗച്ചറുകളിൽ " May be Passed for payment for Rs. ...... “ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സബ്സിഡി അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും. | അനുവദിച്ച സബ്സിഡി |
|---|---|---|
| 1 | മുഹമ്മദ് ജമാൽ.പി.കെ, പാലശ്ശേരി ഹൗസ്, ഉള്ളണം നോർത്ത്.പി.ഒ | 2,800 രൂപ. |
| 2 | നാരായണൻ.കെ, കേലച്ചൻകണ്ടി, നെടുവ, പരപ്പനങ്ങാടി | 1,160 രൂപ. |
| | ആകെ | 3,960 രൂപ. |

മതിയായ രേഖകളില്ലാതെ അനുവദിച്ച 3,960 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2). ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടുള്ള ചെലവ് രേഖകളുടെ ആധികാരികത പരിശോധിക്കുകയോ കൃഷി ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുകയോ ചെയ്തതായി കാണുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വേരിഫിക്കേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സബ്ഡിഡിക്കുള്ള അപേക്ഷയുടെ കൂടെ തന്നെ സമർപ്പിക്കുന്ന പ്രിന്റ് ചെയ്തിട്ടുള്ള ഇൻവോയ്സിൽ കൃഷി അസിസ്റ്റന്റിന്റെ ശുപാർശക്കും കൃഷി ഓഫീസറുടെ അംഗീകാരത്തിനുമുള്ള ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു അപേക്ഷയിൽ പോലും ഇപ്രകാരം പരിശോധന നടത്തി റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല.

3). പദ്ധതി രൂപീകരണത്തിൽ പങ്കാളികളാകുന്ന വർക്കിംഗ് ഗ്രൂപ്പുകൾ പിന്നീട് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പദ്ധതിയുടെ പുരോഗതിയും ഫലപ്രാപ്തിയും വിലയിരുത്തേണ്ടതുണ്ട്. എന്നാൽ ഈ പദ്ധതികളുടെ നിർവ്വഹണ സമയത്തോ പൂർത്തീകരണത്തിന് ശേഷമോ ഇത്തരത്തിലുള്ള മോണിട്ടറിംഗ് നടന്നതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.29/18-03-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-22 മരുന്ന് ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മുഴുവൻ മരുന്നും KMSCL ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/ പേര് | ബിൽനമ്പർ/ ചെക്ക് നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ലഭിച്ച മരുന്നുകളുടെ വിവരം | | ഇനിയും ലഭിക്കാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നമ്പർ/ തീയതി | വില | |
| 127/18, പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 7/17-18/27-02-18 | 2,00,000 | - | - | 2,00,000 |
| 129/18 ഫിഷറീസ് ആശുപത്രിക്കുള്ള മരുന്ന് വാങ്ങൽ | 9/17-18/28-03-18 | 1,00,000 | 1794/18-05-18 | 21470 | 78,530 |
| 130/18, പരിരക്ഷ | 267312/ 09-03-18 | 1,46,200 | 7614/29-08-18 | 22523 | 1,23,677 |
| | | | | ആകെ | 4,02,207 |

നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ, പ്രസ്തുത മരുന്നുകൾ ലഭ്യമാക്കാൻ നാളിത് വരെ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കാനാവശ്യപ്പെട്ട് 11-03-2019 -ന് നൽകിയ 1 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 4,02,207 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. മരുന്ന് ലഭ്യമാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

(ശരിയായ വിവരം ലഭ്യമാക്കിയിട്ടില്ല).

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം ധനസഹായം | 80284/ ഡി ബി 1/13/ തസ്വഭവ തി. 01.02.14 | 1,35,00,000 | 96,67,886 | 464286 | 265139 | 9203600 |

കുറിപ്പ്:-

പ്രൊജക്ട് നമ്പർ 123/18 ആയി 30,00,000/-രൂപ തിരിച്ചടച്ചതായി കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ (ലോൺ രജിസ്റ്റർ ) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച മുഴുവൻ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം - 37,000 രൂപ

തൻ വർഷ നിക്ഷേപം – ഇല്ല

ആകെ = 37,000 രൂപ

തന്നാണ്ടിൽ പിൻവലിച്ച തുക – ഇല്ല

വർഷാവസാനം അവശേഷിക്കുന്ന തുക =37,000 രൂപ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | | തുക |
|---|---|---|
| മലപ്പുറം സ്പിന്നിംഗ് മില്ലിന്റെ 100 രൂപയുടെ 100 ഓഹരികൾ, Share Cerrtificate No.1431, തീയതി: 27-7-1977 | | 10,000 |
| Malabar Co-Op.Textilesന്റെ 5000 രൂപയുടെ 5 ഓഹരികൾ, Share Certificate No.484, തീയതി:20-5-1998 | | 25,000 |
| Promisory Notes | No.MS 017824,തീ:6-2-1968 | 500 |
| | " -001023, തീ:21-9-1971 | 500 |
| | "007529, 11-11-1968 | 100 |
| | "007530, " | 100 |
| | "007531, " | 100 |
| | "008182, " | 100 |
| | "008183, " | 100 |
| | "008184, " | 100 |
| | "008485, " | 100 |
| | "008333, " | 100 |
| | "008334, " | 100 |
| | "008335, " | 100 |
| ആകെ | | 37,000രൂപ |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ/നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2002 പ്ലാൻ 1999-2002 പ്ലാൻ | 10 | 2004-05 | | വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 1521369 രൂപയുടെ വിവരങ്ങൾ ഇല്ല | നിയമസഭാ സമിതയുടെ പരിഗണനയിൽ |
| | 24 | | | കൃഷി യന്ത്രങ്ങളുടെ ഉപയോഗ വിവരം ഇല്ല - തുക 779178/-രൂപ | |
| | 14 | | | പരപ്പനങ്ങാടി സഹകരണ സംഘങ്ങൾക്ക് തുക നൽകി-150000/-രൂപ | |
| | | | | | |
| 2013-14, 2014-15 | 3(2) | 2016-17 | ലഭ്യമല്ല | വെള്ളക്കരം അവലോകനം | നിയമസഭാ സമിതയുടെ പരിഗണനയിൽ |
| 2006-07 | 2(3) | 2010-11 | ലഭ്യമല്ല | 1997-98 മുതൽ 2005-06 വരെയുള്ള തൊഴിൽ നികുതി കുടിശ്ശിക 299645 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | A5-8872 തിയ്യതി 17-08-2013 കത്ത് പ്രകാരം തുക അടവാക്കുന്നതിനോ, മറുപടി സമർപ്പിക്കുന്നതിനോ ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2010-11 | 3-10 | 2013-14 | 10 | ലഘു അവലോകനം- പൊതുമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | നിയമസഭാ സമിതയുടെ പരിഗണനയിൽ |

# 4-8 ചാർജ് /സർചാർജ്

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 1998-99 | 29 | ജോണികുട്ടി | LF 1185/spl.cell/SC5/04.dt.19.08.04 (ചാർജ്) | 5324 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 1999-02 | 13(എ)pt. | ജോർജ്കുട്ടി.ടി | LF 7025/spl.cell/SC5/05.dt.25.05.06 | 10000 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 2 | 1999-02 | 13(എ)pt. | എൻ സദാനന്ദൻ | LF 7025/spl.cell/SC5/05.dt.25.05.06 | 5000 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 3 | 1996-97 | 40 | വി രാധാകൃഷ്ണൻ | LF 22503/spl.cell/SC3/99.dt.24.07.01 | 35532 | തുക ഈടാക്കി |
| 4 | 1998-99 | 30<br>35 | ജോണികുട്ടി | LF 1185/spl.cell/SC5/04.dt.19.08.04 | 33444 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,66,39,596 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,42,45,438 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7828 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,56,287 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 24,84,207 |

**(ബി). നഗരസഭ <u>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 1002 | | ശ്രീമതി ജെസിമോൾ സെക്രട്ടറി<br>(ഇൻ ചാർജ്) |
| 2-6 | 6826 | | ശ്രീ. റഷീദ് ടി എം,സെക്രട്ടറി<br>(ഇൻ ചാർജ്) |
| 3-1 | | 65910 | ശ്രീ. റഷീദ് ടി എം,സെക്രട്ടറി -32955<br>(ഇൻ ചാർജ്)<br>ശ്രീമതി.ജെസ്സിമോൾ പി വി ,സെക്രട്ടറി<br>(ഇൻ ചാർജ്) -32955 |
| 3-6 | | 6889 | ശ്രീ. ബിപിൻ എൻ വി ,അസി.എഞ്ചിനീയർ |
| 3-7 | | 29,700 | ശ്രീമതി.ശ്രീകല പി എ ,ഹെഡ്മിസ്ട്രസ് |
| 3-8 | | 8,400 | ശ്രീ. റഷീദ് ടി എം,സെക്രട്ടറി |

| | | | |
|---|---|---|---|
| | | | (ഇൻ ചാർജ്) |
| 3-18 | | 45,388 | ശ്രീ. ബിപിൻ എൻ വി,അസി.എഞ്ചിനീയർ-(19696+ 16935)36631 രൂപ<br>ശ്രീ.ഉമ്മർ,അസി.എഞ്ചിനീയർ- 2690രൂപ<br>ശ്രീ.റഫീഖ് എം,അസി.എഞ്ചിനീയർ- 6067 |
| **ആകെ** | **7828** | **1,56,287** | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 13,00,000 | ശ്രീ. റഷീദ് ടി എം,സെക്രട്ടറി(ഇൻ ചാർജ്) |
| 3-12 | 1,32,000 | ശ്രീ. റഷീദ് ടി എം,സെക്രട്ടറി<br>(ഇൻ ചാർജ്) |
| 3-15 | 5,50,000 | ശ്രീ. വിൻസെന്റ് സി എ ,പ്രോജക്റ്റ് ഓഫീസർ (യു പി എ സി ) |
| 3-17 | 1,00,000 | ശ്രീമതി.ശ്രീകല പി എ ,ഹെഡ്മിസ്ട്രസ് |
| 3-22 | 4,02,207 | ഡോ. സുജാത ,മെഡിക്കൽ ഓഫീസർ (സി എച്ച് സി ) |
| **ആകെ** | **24,84,207** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. റഷീദ് ടി എം ,സെക്രട്ടറി | ലഭ്യമല്ല | തെക്കേ ഇടപ്പുരത്തിയിൽ ,വീട്<br>വടകര (പി ഒ),വൈക്കം,കോട്ടയം,686141 |
| ശ്രീ.ബിപിൻ എൻ വി | ലഭ്യമല്ല | നന്ദിയാവീട്ടിൽ ,അരിയല്ലൂർ(പി ഒ),മലപ്പുറം |
| ശ്രീ.ഉമ്മർ ,കെ ,അസി.എഞ്ചിനീയർ | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പെരിന്തൽമണ്ണ | കാരയിൽ, നെല്ലിപ്പറമ്പ് (പി ഒ) |

| | | |
|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് | മുക്കം,കോഴിക്കോട് ജില്ല<br>673602 |
| ശ്രീ. റഫീഖ് എം | അസി.എഞ്ചിനീയർ,അടൂർ മുനിസിപ്പാലിറ്റി | ആഴിയാതിപുരയിൽ<br>ഏനാട്ട് (പി ഒ)പത്തനംതിട്ട ജില്ല, 691526 |
| ഡോ. സുജാത ,മെഡിയ്ക്കൽ ഓഫീസർ (സി എച്ച് സി ) | മെഡിയ്ക്കൽ ഓഫീസർ ,സി എച്ച് സി ,നെട്ടുവ | 'ശ്രീ 'വള്ളിക്കുന്ന് നോർത്ത് ,കടലുണ്ടി നഗരം,673314 |
| ശ്രീമതി.ശ്രീകല പി എ ,ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ് ,ജി എൽ പി എസ് ,പരപ്പനങ്ങാടി ടൗൺ | അളക<br>നെട്ടുവ (പി ഒ), 676303 |
| ശ്രീമതി.ജെസ്സിമോൾ പി വി ,സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്<br>നെടുമാങ്ങാട് നഗരസഭ<br>തിരുവനന്തപുരം | ലവ് ഡേൽ ,kp3/798<br>മുക്കാലക്കൽ<br>തിരുവനന്തപുരം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ എഫ് എം . 11/914/2001 തി.05.10.2010 | 17 | |
| 1998-99 | എൽ എഫ് എം.11/913/2001 തി.06.10.2010 | 7 | |
| 1999-00<br>2000-01<br>(പ്ലാൻ ഫണ്ട് മാത്രം) | എൽ എഫ് എം.14/876/2004 തി.06.10.2010 | 6 | |
| 1999-00<br>00-01<br>(പ്ലാൻ ഫണ്ട് ഒഴികെ ) | എൽ എഫ് എം.17/244/2006 തി.06.10.2010 | 24 | |
| 2000-01 | എൽ എഫ് എം. 17/245/06 തി.06.10.10 | 14 | |
| 2001-02 | എൽ എഫ് എം .17/829/09തി.06.10.2010 | 20 | |
| 2002-03 | എൽ എഫ് എം .17/830/19 തി.06.10.2010 | 10 | |
| 2003-04 | എൽ എഫ്എം.17/831/19 തി.06.10.2010 | 18 | |
| 2004 -05 | എൽ എഫ്എം.17/832/19 തി.06.10.2010 | 20 | |
| 2007-08 -2009-10 | എൽ എഫ്എം 15/132/12തി.19.02.2013 | 29 | |
| 2010-11 | എൽ എഫ്എം 15/28/14 | 12 | |

| | | | | |
|---|---|---|---|---|
| 2011-12<br>2012-13 | എൽ എഫ്എം 15/1271/15 തി.03.06.15 | 20 | | |
| 2013-14<br>2014-15 | കെ എസ് എ -എം പി എം 15/2431/14 തി.20.11.15 | 21 | | |
| 2015-16 | കെ എസ് എ -എം പി എം 25/301/17 തി.18.01.18 | 15 | | |
| 2016-17 | കെ എസ് എ -എം പി എം 25/2438/17 തി.02.05.18 | 11 | | |

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പരപ്പനങ്ങാടി നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ പരപ്പനങ്ങാടി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനീയർ ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം**